Government had, a few months back, constituted a Committee comprising official and non-official members to study and report on the re-allocation of Taluks in the State. The Committee, it is understood, is deliberating on the terms of reference before them.

The States Re-organisation Commission appointed by the Government of India have now submitted their report and it is understood that they have recommended certain re-distribution of areas in regard to this State along with other States.

It is an admitted fact that the Report, when implemented, will require re-allocation of certain Taluks and a demarkation of existing boundaries in the light of the reorganisation of the State. It is apprehended that the work turned out by the existing Committee will be of no use and will result in mere waste of public money. Therefore it is requested that the Chief Minister be asked to make a brief statement as to whether Government intend to dissolve the above Committee forthwith."

Chief Minister (SHRI PANAMPILLI GOVINDA MENON): I shall make a statement sometime during this Session.

MR. SPEAKER: The matter will be taken up another day.

LEGISLATIVE BUSINESS.

The Kanam Tenancy Bill.

Home Minister (SHRI A. J. JOHN): I move that the Kanam Tenancy Bill, as reported by the Select Committee be taken into consideration.

Chief Minister (SHRI PANAMPILLI GOVINDA MENON): I second it.

ശ്രീ. എ. ജെ. ജാൺ: സെലക്ററ കമ്മിററി ഈ ബില്ലിൽ സാരമായ ഭേദഗതികളൊന്നും വരുത്തിയിട്ടില്ല. തിരുവിതാംകൂറിൽ നിലവിലുള്ള ജന്മികുടിയാൻ ആക്ററപോലെ തന്നെ ഒരു ആക്ററ് കൊച്ചിയിലേയ്ക്കും നടപ്പിൽ വരുത്തുന്നു എന്നുള്ളതാണ് പ്രധാനമായി ചെയ്തിരിക്കുന്ന ഭേദഗതി. അതിനാൽ, ഈ ബിൽ പാസ്സാക്കിത്തരണമെന്നപേക്ഷിക്കുന്നു.

The question that the Bill be taken into consideration was put and carried.

LIBRARY ARCHIVES Kerala Legislative Assembly

Clause 2.

SRY. K. R. GOURI: I move that in section 2, Definitions, omit sub-clause (1) and renumber other clauses in order.

[Mr. Deputy Speaker in the Chair]

ഇതു് കാണം ടെനൻസി ബിൽ അനുസരിച്ചു് കൊടുത്തിട്ടുള്ള ഡെഫനിഷനാണു്. എന്റെ അഭിപ്രായത്തിൽ ഇതു് ഒമിറ്റ്ചെയ്യേണ്ടതാണു്. അതിനാണു് ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്നതു്. ഈ ഡെഫനിഷനിൽ 'Fractional fee' means "the fee fixed as claimable in substitution of the renewal fees" എന്നു പറഞ്ഞിട്ടുണ്ടു്. കൊച്ചിയിൽ നിലവിലിരുന്ന റിന്യൂവൽ ഫീ 1919-ലെ പത്താം റഗുലേഷൻ എന്ന പേരിൽ ഉണ്ടായ ഒരു പ്രൊക്ലമേഷൻ മുഖാന്തരം തടഞ്ഞിരിക്കുകയാണു്. അതേസമയം ലാൻഡു് റിഫാംസു് കമ്മിറ്റി എന്ന പേരിൽ തിരുവിതാംകൂർ-കൊച്ചിയിൽ ഒരു കോമാടൻ കമ്മിറ്റിയെ നിയമിക്കുകയും ആ കമ്മിറ്റി ഒരു റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. കോമാടൻ റിപ്പോർട്ടിൽ ഫ്റാക്ഷൻ ഫീ അഞ്ചുശതമാനത്തിൽ കൂടുതൽ വരാൻ പാടില്ല എന്നു പറഞ്ഞിട്ടുണ്ടു്. അതായതു് ഒരാണ്ടിൽ ആഗ്രിഗേറ്റ് എമൗണ്ടിന്റെ അഞ്ചുശതമാനത്തിൽ കൂടാൻ പാടില്ലെന്നാണു് പറഞ്ഞിരിക്കുന്നതു്. കൊച്ചിയെ സംബന്ധിച്ചാണെങ്കിൽ, കൊച്ചി കുടിയാൻ ബിൽ എന്നപേരിൽ കഴിഞ്ഞ ഇൻറിഗ്രേഷൻ നടപ്പിലാക്കുന്നതിനുമുമ്പു് ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുകയും ആ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കുകയും ചെയ്തു. സെലക്ട് കമ്മിറ്റി റിന്യൂവൽ ഫീ ഈടാക്കാൻ പാടില്ലെന്നു കാണിച്ചു് റിപ്പോർട്ടു സമർപ്പിച്ചിട്ടുമുണ്ടു്.

സർ, ഈ രാജ്യത്തു് ജന്മിത്വം അവസാനിപ്പിക്കുന്നതിനുവേണ്ടിയും, സോഷ്യലിസം നടപ്പിലാക്കുന്നതിനുവേണ്ടിയുമാണു് തങ്ങൾ ശ്രമിക്കുന്നതെന്നു് മുറവാകം മുഴക്കിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ഭരണകൂടം മുമ്പു തന്നെ തടഞ്ഞുവച്ചുകൊണ്ടിരിക്കുന്ന ഈ റിന്യൂവൽ ഫീ വീണ്ടും ഈടാക്കുന്നതിനുള്ള വ്യവസ്ഥകൂടി ചേർത്തു് ഇങ്ങനെ ഒരു ബിൽ കൊണ്ടുവന്നതു് അത്ഭുതകരമായിരിക്കുന്നു. ഈ വ്യവസ്ഥ ആവശ്യമില്ലെന്നാണു് എന്റെ അഭിപ്രായം. അതുകൊണ്ടാണു് രണ്ടാംവകുപ്പിലെ ഒന്നാം ഉപവകുപ്പു് എടുത്തുകളയണമെന്നുള്ള ഭേദഗതി ഞാൻ അവതരിപ്പിച്ചിരിക്കുന്നതു്.

SHRI R. SANKARANARAYANAN THAMPI: I support the amendment moved by the Hon. member Sry. K. R. Gouri.

തിരുവിതാംകൂറിലുള്ള ജന്മികുടിയാൻ നിയമത്തിന്റെ സൗജന്യങ്ങളും ആനുകൂല്യങ്ങളും കൊച്ചി വിഭാഗത്തിലുള്ള കുടിയാനവന്മാർക്കുകൂടി ഉപയോഗയോഗ്യമാക്കിത്തീർക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്നു് ഗവണ്മെൻവഭാഗത്തുനിന്നും അവകാശപ്പെടുന്നു. അതു് ഒരുപക്ഷേ, ശരിയാണെങ്കിൽത്തന്നെയും കൊച്ചിയിൽ ഇന്നു നിലവിലിരിക്കുന്ന കുടിയാനവന്മാർക്കു് ഈ നിയമംമൂലം എന്തെങ്കിലും വിശേഷവിധിയായ സൗകര്യങ്ങളോ, സൗജന്യങ്ങളോ ഉണ്ടാകുന്നുണ്ടോ എന്നുള്ളതിനെ ആസ്പദമാക്കി വേണം ഈ ബില്ലിന്റെ പുരോഗമനസ്വഭാവം നിർണ്ണയിക്കുവാൻ. ഇന്നു കൊച്ചിയിലുള്ള എല്ലാ കാണം കുടിയാനവന്മാരും ഈ ബില്ലുമൂലം സംജാതമാകുന്ന ആനുകൂല്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ആ നിലയ്ക്ക് വിശേഷവിധിയായി ഈ ബില്ലുകൊണ്ടുദ്ദേശിക്കപ്പെട്ടിരിക്കുന്നതു് ആ കുടിയാനവന്മാർക്ക് കുറെ കൂടുതൽ ഭാരം വലിച്ചുകയറ്റുക എന്നുള്ളതാണു്. രണ്ടാം വകുപ്പ് ഒന്നാം ഉപവകുപ്പിൽ 'Fractional fees' means the fee fixed as claimable in substitution of the renewal fees in annual instalments at the rate of seven per cent of the aggregate value or amount of one year's michavaram or the renewal fees payable under the Cochin Tenancy Act XV of 1113 ..... Kanam" എന്നാണു് നിർവ്വചിച്ചിരിക്കുന്നതു്. ഇതിനു മുമ്പു് തിരുവിതാംകൂർ–കൊച്ചിയിൽ, ശ്രീമതി ഗൗരി പറഞ്ഞതുപോലെ കോമാടൻ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ നിയമിക്കുകയും, ആ കമ്മിറ്റി ഈ രാജ്യത്തുണ്ടായിരിക്കേണ്ട ഭൂപരിഷ്കരണത്തെ സംബന്ധിച്ചിടത്തോളം അവർക്കു തോന്നിയതുപോലെ ഒരു റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടു്. കോമാടൻ കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം പുരോഗമനേച്ഛുക്കളായ അംഗങ്ങളടങ്ങിയ ഒരു കമ്മിറ്റിയാണു് അതു് എന്ന ആരോപണമോ, ആക്ഷേപമോ ഇതുവരെ ഉണ്ടായിട്ടില്ല. ആ കമ്മിറ്റിപോലും റിന്യൂവൽ ഫീ ആയി കാണസംഖ്യയുടെ അഞ്ചുശതമാനത്തിൽ കൂടുതലാകാൻ പാടില്ല എന്നാണു് പറഞ്ഞിരിക്കുന്നതു്. കോമാടൻ കമ്മിറ്റിയിലെ ഒരംഗമായ ശ്രീ. കൃഷ്ണനെഴുത്തച്ഛൻ യാതൊരു കാരണവശാലും ഫ്റാക്ഷൻ ഫീ കുടിയാന്റെ പക്കൽനിന്നും ഈടാക്കാൻ പാടില്ലെന്നും, അതു് ജന്മിമാർ സഹിക്കേണ്ടതാണെന്നും ഒരു വിഭിന്ന റിപ്പോർട്ട് രേഖപ്പെടുത്തിയിരിക്കുന്നു. റെന്യൂവൽ ഫീ, കസ്റ്റമറി ഡ്യൂ തുടങ്ങിയ ഭാരങ്ങൾ കുടിയാന്റെ മേൽ കെട്ടിവയ്ക്കുക എന്നുള്ളതു് ജന്മിത്വത്തെ നിലനിർത്തുന്ന ഇൻസിഡന്റായിട്ടാണു് വ്യാഖ്യാനിച്ചുപോകുന്നതു്. ഇങ്ങനെയൊരു പുരോഗമനപരമായ നടപടി കൈക്കൊള്ളണമെന്നുള്ള ആഗ്രഹം പൊതുവെ പ്രകടിപ്പിച്ചുകാണുന്ന ഈ സന്ദർഭത്തിൽ, മിച്ചവാരം ഒഴിവാക്കണമെന്നു് വാദിച്ചുകൊണ്ടിരിക്കുന്ന ഈ ഘട്ടത്തിൽ, ഫ്റാക്ഷൻ ഫീ കൊടുക്കണമെന്നുള്ള വ്യവസ്ഥകൂടി ഉൾപ്പെടുത്തി ജന്മിമാരുടെ എല്ലാ അവകാശങ്ങളേയും വച്ചുപുലർത്തുവാൻ ഉതകുന്ന ഈ വകുപ്പ് ഒരിക്കലും ആവശ്യമില്ലാത്തതാണു്. അതുകൊണ്ടു് രണ്ടാം വകുപ്പിലെ ഒന്നാം ഉപവകുപ്പ് എടുത്തുകളയണമെന്നുള്ള ഈ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. ഏ. ജെ. ജാൺ: സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ആ ഭേദഗതികൊണ്ടു് ഉദ്ദേശിക്കുന്നതു് കുടിയാൻ മിച്ചവാരം മാത്രമേ കൊടുക്കാവൂ, അതല്ലാതെ ടാക്സ് കൂടി ഉൾപ്പെടുത്താൻ പാടില്ലെന്നാണു്. മാത്രവുമല്ല, കൊച്ചിയിൽ റിന്യൂവൽ ഫീസു് നിറുത്തിവച്ചിരിക്കുകയാണു്, എന്നും അദ്ദേഹം പറയുകയുണ്ടായി. എന്നാൽ അങ്ങനെയല്ല. ഒരു പുതിയ നിയമം നടപ്പിലാകുന്നതുവരെ താൽക്കാലികമായി മാത്രമാണു് നിർത്തിവച്ചിരിക്കുന്നതു്. കുടിയാൻ കൊടുക്കേണ്ടതു് ഫ്റാക്ഷൻ ഫീയായ കാണത്തുകയുടെ ഇരുപത്തേഴരശതമാനമായി കൊച്ചിയിൽ നിശ്ചയിച്ചിരുന്നു. ആ തുക അല്പം കൂടുതലാണെന്നു് ബോദ്ധ്യപ്പെട്ടതുകൊണ്ടാണു് ഇപ്പോൾ കുറച്ചിരിക്കുന്നതു്. ഇപ്പോൾ വച്ചിരിക്കുന്നതു് റിന്യൂവൽ ഫീസായ കാണത്തുകയുടെ ഏഴശതമാനമാണു്. അങ്ങനെ ഏഴശതമാനം കൊടുത്താൽമതിയെന്നാണു് വ്യവസ്ഥചെയ്തിരിക്കുന്നതു്. തിരുവിതാംകൂറിലുള്ള ജന്മികുടിയാൻ നിയമം കൊച്ചി

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജോൺ]:

യേയും കൂടി ബാധിക്കുന്നതിലേയ്ക്കായിട്ടാണ് ഇപ്പോൾ ഈ നിയമംകൂടി കൊണ്ടുവന്നിട്ടുള്ളത്. തീരെ നിസ്സാരമായ ഒരു തുകയാണ് ഫ്റാഞ്ചൈസ് ഫീസായിട്ട് കൊടുക്കണമെന്ന് ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. അങ്ങനെയിരിക്കെ ശ്രീ. തമ്പി കൊണ്ടുവന്നിരിക്കുന്ന ഭേദഗതി അംഗീകരിക്കുകയാണെങ്കിൽ തിരുവിതാംകൂറിലുള്ള ജന്മി കുടിയാൻ നിയമവും ഭേദഗതി ചെയ്യേണ്ടതായിവരും. അതു് സാദ്ധ്യമല്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ ഭേദഗതി സ്വീകരിക്കാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. ഞാൻ ഭേദഗതിയെ എതിർക്കുകയാണ് ചെയ്യുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: റിന്യുവൽ ഫീയായി കുടിയാനിൽ നിന്നും എൺപത്തിനാലു ശതമാനവും ഈടാക്കേണ്ടിവരുകയില്ലേ, ഈ ഭേദഗതി അംഗീകരിക്കാത്തപക്ഷം?

ശ്രീ. എ. ജെ. ജോൺ: 84 ശതമാനമല്ല 7 ശതമാനമാണ്.

ശ്രീമതി കെ. ആർ. ഗൗരി: ഒരു കൊല്ലത്തേയ്ക്ക് ഏഴുശതമാനംവച്ച് 12 കൊല്ലം കഴിയുമ്പോൾ 84 ശതമാനമാകുകയില്ലേ? കൊച്ചി ജന്മി കുടിയാൻ ബില്ലിന്റെ സെലക്ട് കമ്മിറ്റി റിപ്പോർട്ട് വായിച്ചിട്ടുണ്ടോ?

(ഉത്തരമില്ല.)

MR. DEPUTY SPEAKER: Do you press your amendment?

SRY. K. R. GOURI: Yes.

The amendment was put and lost.

SHRI T. V. THOMAS: Sir, I demand a poll.

A poll was taken when the house divided as follows:-

Ayes—33.

1	Shri	P. V. Avira Tharakan	18	Shri	P. R. Madhavan Pillai
2	,,	C. C. Ayyappan	19	,,	P. Narayanan Potti
3	,,	Baby John	20	,,	U. Neelakantan
4	,,	K. A. Balan	21	,,	N. Neelakantaru Pandarathil
5	,,	K. Balakrishnan			
6	,,	R. Balakrishna Pillai	22	,,	M. P. Menon
7	,,	B. B. Pandarathil	23	,,	N. Raghava Kurup
8	,,	Prakkulam Bhasi	24	,,	P. Ravindran
9	,,	P. Bhaskaran Nair	25	,,	C. G. Sadasivan
10	,,	Thoppil Bhaskaran Pillai	26	,,	R. Sankaranarayanan Thampi
11	,,	P. K. Chathan	27	,,	V. Sridharan
12	,,	T. K. Divakaran	28	,,	R. Sugathan
13	,,	K. C. George	29	Dr.	P. K. Sukumaran
14	,,	P. Gopalan	30	Shri	T. V. Thomas
15	Sry.	K. R. Gouri	31	,,	C. K. Viswanathan
16	Shri	Thalekkara K. Krishnan	32	,,	Vivekanandan
			33	,,	P. K. Yesodharan
17	,,	P. K. Kunjachan			

LIBRARY ARCHIVES Kerala Legislative Assembly

Noes—61

1	Shri	P. K. Abdul Khadir	31	Shri	K. Kochukuttan
2	„	K. C. Abraham	32	„	K. M. Korah
3	„	A. Achuthan	33	„	P. R. Krishnan
4	„	V. K. Achutha Menon	34	„	K. Krishna Pillai
5	„	J. A. Bhatt	35	„	P. Kunjan
6	„	D. Anantharaman	36	„	A. Kunjan Nadar
7	„	M. A. Antony	37	„	P. K. Kunju
8	„	K. K. Balakrishnan	38	Sry.	T. C. Leela Devi Amma
9	„	T. O. Bava	39	Shri	P. M. Markose
10	„	M. Bhaskaran Nair	40	„	M. M. Mathai
11	„	N. G. Chacko	41	„	C. A. Mathew
12	„	A. C. Chacko	42	„	N. Narayana Kurup
13	„	K. M. Chacko	43	„	P. S. Nataraja Pillai
14	„	M. P. Chandrasekharan Pillai	44	„	N. A. Noor Mohamed
15	„	K. M. Chandy	45	„	N. Parameswaran Pillai
16	„	A. Chidambaranatha Nadar	46	„	R. Ponnappa Nadar
17	„	O. R. Chummar	47	„	A. A. Rahim
18	„	T. T. Daniel	48	Dr.	A. R. Menon
19	„	K. M. George	49	Shri	P. Ramaswami Pillai
20	„	K. P. Gopala Menon	50	„	P. J. Sebastian
21	„	Panampilli Govinda Menon	51	„	V. V. Sebastian
22	„	K. P. Hormis	52	„	A. M. Simon
23	„	Idiculla Idiculla	53	„	T. P. Sitaraman
24	„	A. J. John	54	„	A. Thanu Pillai
25	„	V. J. Joseph	55	„	A. Thankiah
26	„	Joseph Chazhikatt	56	„	K. T. Thomas.
27	„	K. Karunakaran	57	„	P. S. Vasudevan Pillai
8	„	P. Kesava Menon	58	„	K. I. Velayudhan
29	„	T. T. Kesavan Sastry	59	„	Kalathil Velayudhan Nair
30	„	C. Kochukunju	60	„	M. William
			61	„	A. A. D. Luiz

The amendment was declared lost.

SHRI C. C. AYYAPPAN : I do not move my amendment.

SHRI R. SANKARANARAYANAN THAMPI : Sir, I move the next amendment standing in my name. Before doing so I seek the permission of the Chair to make a verbal alteration in the amendment. My amendment reads like this: "In clause 2 (13), at the end delete the portion beginning 'and shall be' etc. and substitute the following words *viz.* 'and shall

LIBRARY ARCHIVES Kerala Legislative Assembly

[SHRI R. SANKARANARAYANAN THAMPI]

be the amount deducting the basic tax in respect of land or holding from the *michavaram* in respect of the land or holding.' I would like to correct it in this way:

"and shall be the amount after deducting the basic tax in respect of the land or holding, from the *michavaram* in respect of the land or holding."

സർ, ബില്ലിന്റെ ക്ലാസ്സ് 2 (13)-ാമത്തെ നിർവചനക്ലാസിൽ ജന്മികരം എന്നാൽ എന്തു് എന്നതിനെപ്പറ്റി നിർവചിച്ചിരിക്കുന്നതു് എപ്രകാരമെന്നാൽ, ഇതു് ആക്ടിൽനിന്നും ഞാൻ ആ ഭാഗം വായിച്ചു കേൾപ്പിക്കാമെന്നു വിചാരിക്കുന്നു.

"Jenmikaram" in respect of a holding or any land comprised in a holding means the amount payable in respect of that holding or land under the provisions of this Act by the Kanam tenant to the jenmi every year in lieu of all claims of the jenmi in respect of the holding or land and shall be the sum total of the michavaram and the fractional fee".

The clause as amended would read thus:—

"Jenmikaram" in respect of a holding or any land comprising in a holding means the amount payable in respect of that holding or land under the provisions of this act by the kanam tenant to the jenmi every year in lieu of all claims of the jenmi in respect of the holding and shall be the amount after deducting the basic tax in respect of the land or holding from the michavaram in respect of the land or holding".

സർ, ഈ ഭേദഗതി ഈ സഭയുടെ അംഗീകാരത്തിനായി അവതരിപ്പിക്കുന്നതിനുമുൻപു് ഇതു സംബന്ധിച്ചു് ചില വസ്തുതകൾ സംക്ഷിപ്തമായി സഭയുടെ ശ്രദ്ധയിൽ പെടുത്തണമെന്നു് ഞാൻ ആഗ്രഹിക്കുകയാണു്. തിരുവിതാംകൂറിലെ ഭൂനികുതികൾക്കു് ചരിത്രപരമായി ഒരു പശ്ചാത്തലം ഉണ്ടെന്നുള്ള വസ്തുത ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ മെംബർമാർക്കും ഞാൻ പറയാതെതന്നെ അറിയാവുന്നതാണു്. തിരുവിതാംകൂറിൽ ജന്മികുടിയാൻ നിയമം ഉണ്ടാകുന്നതിനു് മുൻപു് ദേവസ്വത്തിലും ബ്രഹ്മസ്വത്തിലും അല്ലാത്ത ഭൂസ്വത്തുക്കൾ വളരെ ചുരുക്കമായിരുന്നു. അതായതു് മിക്കവാറും ഭൂഉടമ ദേവസ്വം, ബ്രഹ്മസ്വം ഈ രണ്ടു് ചേരികളിലേയ്ക്കു് ലയിച്ചിരിക്കുന്ന ഒരു വ്യവസ്ഥയായിരുന്ന മുൻപന്തായിരുന്നതു്. അങ്ങനെ ദേവസ്വത്തിലും. ബ്രഹ്മസ്വത്തിലും ഉള്ള വസ്തുക്കൾ കഴിച്ചു് ബാക്കി അല്പസ്വല്പ വസ്തുക്കൾ കണ്ടെടുത്തു് നടപടികൾ നടത്തി വ്യക്തികളുടെ പേക്കു് പതിച്ചുകൊടുക്കുകയാണു് സർക്കാർ ചെയ്തതു്. അങ്ങനെ പതിച്ചുകൊടുത്ത അവസരത്തിൽ ഭൂമി കൈവശക്കാരിൽനിന്നു തറവിലപോലും ഈടാക്കിയിട്ടില്ല. അങ്ങനെ കാലക്രമേണ ഭൂമി പല തരത്തി

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തികളുടെ കൈവശം ആയപ്പോൾ പണ്ടാരവക ഭൂമിയെ സംബന്ധിച്ചിടത്തോളം ഒരു കരം നിശ്ചയിച്ചു. ഈടാക്കുകയും മൻപറഞ്ഞ ദേവസ്വവും ബ്രഹ്മസ്വവും വസ്തുക്കൾ കരം ഒഴിവായി അനുഭവിച്ചുവരികയും ചെയ്തുകയായിരുന്നു. മേൽപ്പറഞ്ഞ രണ്ടിനം ഭൂമികളേയും പാട്ടത്തിനായി കുടിയാന്മാർക്കു കൊടുക്കുകയും അതനുസരിച്ചു മിച്ചവാരം, ജന്മിക്കരം തുടങ്ങിയ ഭോഗങ്ങൾ കുടിയാന്മാർ ജന്മിമാർക്കു കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ഇങ്ങനെ കൊടുത്തുകൊണ്ടിരിക്കുന്ന ഭോഗങ്ങളിൽനിന്നും ഒരംശം കരത്തിന്റെപേരിൽ ഈടാക്കുന്നുണ്ട്. അതിനെയാണ് രാജഭോഗം എന്നു പറയുന്നതു്. അതായതു് ചില ജന്മിമാരുടെപക്കൽ നിന്നും വരവിന്റെ ആറിൽ ഒന്നും, മറ്റു ചില ജന്മിമാരുടെ പക്കൽ നിന്നും എട്ടിൽ ഒന്നും, അതേസമയം മറ്റു ചില ജന്മികളിൽനിന്നും ഒട്ടുംതന്നെ കരം ഈടാക്കാതെയും ഉള്ള വ്യവസ്ഥിതിയിലാണു് നടന്നുവന്നിട്ടുള്ളതു്. അപ്പോൾ ബേസിക്ക് ടാക്സിനുപകരം എന്തെങ്കിലും തുക സർക്കാരിലേക്ക് കൊടുക്കണമെന്നുണ്ടെങ്കിൽ അതു് ഭൂമി ഉടമസ്ഥന്മാരായ ജന്മിമാരാണു് ഇതിൽനിന്നും നമുക്കു് മനസ്സിലാക്കാൻ സാധിക്കും. അതിനു ശേഷം ബേസിക്കുനികുതി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സർക്കാരിലേക്കു് ചെല്ലേണ്ടതായ നികുതി ജന്മിമാരിൽനിന്നും ഈടാക്കിവന്നില്ല.

1122-ാമാണ്ടു് തിരുവിതാംകൂറിൽ സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തു് ബേസിക്ക്ടാക്സ് നിയമം നടപ്പിൽ വന്നതിനുശേഷം എല്ലാ ഭൂമിയിൽനിന്നും ബേസിക്ക് ടാക്സ് ഈടാക്കണമെന്നുള്ള തത്വത്തെ ആദരിച്ചു ബേസിക്ക് ടാക്സ് കൊടുക്കാനുള്ള ബാദ്ധ്യത കുടിയാന്റെമേൽ ചുമത്തി. കൊച്ചിയെ സംബന്ധിച്ചിടത്തോളം ഇതു ബേസിക്ക് ടാക്സ് കൊടുക്കുവാനുള്ള ബാദ്ധ്യത കുടിയാനവനില്ല. അങ്ങനെ ഇല്ലാത്ത ഒരു ബാദ്ധ്യത അതായതു ബേസിക്ക് ടാക്സ് നിയമം കൊച്ചിയിലേക്കുകൂടി വ്യാപിച്ചിരിക്കുമ്പോൾ കുടിയാനവനെ സംബന്ധിച്ചിടത്തോളം അക്രമപരമായ അല്ലെങ്കിൽ ദോഷകരമായ വ്യവസ്ഥയാണു നടപ്പിൽ വരുന്നതു്. അതുകൊണ്ടാണു ഞാൻ പറയുന്നതു ജന്മിക്കരത്തിന്റെ നിർവചനത്തെ സംബന്ധിച്ചിടത്തോളം ജന്മിക്കരം കൊടുക്കേണ്ടതു ജന്മിക്കു് കൊടുക്കേണ്ട മിച്ചവാരത്തിൽ നിന്നും അടിസ്ഥാനനികുതി കഴിച്ചു ബാക്കി കൊടുക്കണമെന്നു്. കൊച്ചിയെ സംബന്ധിച്ചിടത്തോളം ജന്മിക്കരത്തിനു പുറമെ അടിസ്ഥാനനികുതികൂടി കൊടുക്കണമെന്നു പറയുകയാണെങ്കിൽ ഇന്നുള്ളതിൽ കവിഞ്ഞു് ഒരു ഭാരം കൊച്ചി കുടിയാനവന്മാരിൽ അടിച്ചേല്പിക്കുകയാണു്. ഏതായാലും തിരുവിതാംകൂറിലെ കുടിയാനവൻ കൊടുക്കുന്നുണ്ടു്. അതു വസ്തുവിന്റെ മുഴുവൻ ഉടമസ്ഥാവകാശവും ലഭിക്കണമെന്നു ഉദ്ദേശിച്ചുകൊണ്ടാണു് എന്നു ശ്രീമാൻ പനമ്പിള്ളി ഗോവിന്ദമേനോൻ പറഞ്ഞതായി ഞാൻ ഓർക്കുന്നു. കാണം ടെനൻസി ആയിരുന്നുകൊണ്ടു് കാണക്കുടിയാന്മാർക്കു മുഴുവൻ ഉടമസ്ഥാവകാശം കിട്ടുമെന്നു പറയുന്നതു ശരിയാണോ എന്നു ഞാൻ സംശയിക്കുന്നു. ശവണ്ടെൻറ പൊന്നുംവിലയ്ക്കു് സ്ഥലം എടുക്കുകയാണെങ്കിൽ ആ വിലയുടെ നല്ലൊരുഭാഗം ജന്മിമാർക്കു് പോകുമെന്നുള്ളതുകൊണ്ടുതന്നെ, കരംകൊടുക്കുന്നതുകൊണ്ടുമാത്രം ഉടമസ്ഥാവകാശം കുടിയാനു കിട്ടുമെന്നു പറയുന്നതു നീതിവിരുദ്ധമായിരിക്കും. അതുകൊണ്ടു കൊച്ചികുടിയാൻ കൊടുക്കാത്ത ഒരു നികുതിഭാരം അവരെക്കൊണ്ടു പുതുതായി കൊടുപ്പിക്കരുതു്.

LIBRARY ARCHIVES Kerala Legislative Assembly

SHRI PANAMPILLI GOVINDA MENON: Is the Member sure that, that statement is correct? I do not think it is correct. That today the kanam tenant in Cochin is not paying land tax is not a correct statement

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഇന്ന കൊച്ചിയിൽ കുടിയാന്മാർ കൊടുക്കുന്ന എന്നുള്ളതു് വാസ്തവം തന്നെയാണു്. പക്ഷെ അതു പാട്ടയുടെ രണ്ടിനങ്ങളിലായിട്ടാണു്. ഒന്ന മിച്ചവാരഇനത്തിൽ കൊടുക്കുകയും കരത്തിന്റെ സംഖ്യ മറെറാരു ഇനത്തിൽ കൊടുക്കുകയുമാണു ചെയ്യുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എതായാലും അവിടെയും കാണക്കുടിയാന്മാർ ഒക്കെ ടാക്സ് കൊടുക്കേണ്ടവരാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അതുകൊണ്ടു് ഒരു വിഭാഗത്തിലെ ആളുകൾക്കു് കൂടുതൽ ദോഷം വരുത്തുക ഒരു നിയമം അവിടെ വ്യാപിപ്പിക്കരുതു് എന്നഭ്യർത്ഥിക്കുവാൻവേണ്ടി ഞാൻ ഈ ഭേദഗതി ഈ സഭയുടെ മുൻപാകെ അവതരിപ്പിക്കുന്നു.

ശ്രീ. എം. പി. മേനോൻ: മാവേലിക്കര മെമ്പർ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുവാനാണു ഞാൻ എഴുനേറ്റ നിൽക്കുന്നതു്. ബേസിക്ക് ടാക്സ് കൊച്ചിയിലേക്കുകൂടി ബാധകമാക്കുന്ന ഒരു നിയമനിർമ്മാണം മുൻപു ചർച്ചചെയ്ത അവസരത്തിൽ, ഇതേപ്രശ്നം ഞങ്ങളിൽ ചിലർ ഉന്നയിക്കുകയുണ്ടായി. അന്ന ഗവണ്മെൻറ ഭാഗത്തുനിന്നും ചില സാങ്കേതികവാദമുഖം ഉന്നയിച്ചുകൊണ്ടു് ഭേദഗതികളെ എതിർത്തു. ജന്മിയും കുടിയാനും തമ്മിലുള്ള ബന്ധത്തെ ആസ്പദമാക്കിയതായതുകൊണ്ടു്, ജന്മികുടിയാൻ ബില്ലിൽ കൊണ്ടുവരേണ്ട ഒരു ഭേദഗതിയാണെന്നും ബേസിക്ക്ടാക്സ് നിയമത്തെ സംബന്ധിച്ചുള്ള ബില്ലിൽ അതു അപ്രസക്തം ആണെന്നും പറഞ്ഞായിരുന്നു അന്നത്തെ എതിർപ്പു്. എന്നാൽ ഇപ്പോൾ നല്ല സമയത്തു് ശരിയായ സന്ദർഭത്തിൽ ഭേദഗതി കൊണ്ടുവന്നിരിക്കയാണു്. ഈ ബില്ലിന്റെ പതിനാറാമത്തെ ക്ലാസ്സിൽ അഞ്ചാമത്തെ സബ്ബ് ക്ലാസ്സ് അനുസരിച്ചു് ഈ നിയമം നടപ്പിലാക്കിയാൽ ബേസിക്ക്ടാക്സ് കുടിയാൻതന്നെ കൊടുക്കേണ്ടതാണു്. ഇന്നു് കൊച്ചിയിൽ നിലവിലുള്ള കൊച്ചിൻ ടെനൻസി ആക്ടിന്റെ 51-ാംവകുപ്പു് അനുസരിച്ചു് ജന്മിയും കുടിയാനും തമ്മിൽ ടാക്സ് ആരു കൊടുക്കണം എന്നുള്ളതു സംബന്ധിച്ചു് ഒരു കാൺട്രാക്ടിന്റെ ഉണ്ടെങ്കിൽ, ആ കാൺട്രാക്ടിന്റെ അനുസരിച്ചു നടന്നാൽമതി. ജന്മി കൊടുക്കാമെന്നേറ്റിട്ടുള്ള ഇടങ്ങളിൽ, ജന്മിതന്നെ ടാക്സ് തുടർന്നു നൽകും. അതിനനുസരണമാണു് കൊച്ചിയിൽ നിലവിലുള്ള നിയമത്തിലെ വ്യവസ്ഥ. ഇതിനു വിപരീതമാണു് ഇപ്പോഴത്തെ വ്യവസ്ഥ. ഇതിന്റെ ക്ലാസ്സ് 16, സബ്ബ് ക്ലാസ്സ് അഞ്ചിൽ പറയുന്നതു്:

"Notwithstanding any usage or contract to the contrary the kanam-tenant shall be liable to pay all Government and local taxes in respect of the land comprised in his holding whether existing at the time or imposed afterwards."

എന്നാണു്. ഇതനുസരിച്ചു കൊച്ചിയിലെ കുടിയാൻമാർക്കു് ഇന്നു്

LIBRARY ARCHIVES Kerala Legislative Assembly

കിട്ടുന്ന ആനുകൂല്യം ഇല്ലാതാകുന്നു. ഇതേപ്രകാരം പോകുകയാണെങ്കിൽ ആനുകൂല്യത്തിനു പകരം പ്രാതികൂല്യമാണുണ്ടാകുക. അതുകൊണ്ടു ഞാൻ ബഹുമാനപ്പെട്ട മാവേലിക്കര മെംബറുടെ ഭേദഗതിയെ അനുകൂലിക്കുന്നു.

ശ്രീ. എ. ജെ. ജാൺ : ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഇതു കൊണ്ടു് ഉദ്ദേശിക്കുന്നതു് നാലഞ്ചു സംഗതികളാണു്. ബേസിക്കു് ടാക്സ് കൊടുക്കേണ്ടതു് ആരാണെന്നാണു് ഇവിടെ വാദവിഷയം. ബഹുമാനപ്പെട്ട മെംബർ പറഞ്ഞതു് കൊച്ചിയിലെ നിയമം അനുസരിച്ചു് ബേസിക്ക ടാക്സ് കൊടുക്കുന്നതു് സാധാരണ രീതിയിൽ ജന്മിയാണെന്നാണു്. എന്നാൽ ആക്ടിലെ 61–ാംവകുപ്പിൽ പറയുന്നതു് ഇതാണു്.

Cochin Tenancy Act, XV of 1113, Section 51.

"In the absence of a contract to the contrary the kanam tenant shall be liable as between himself and the landlord to pay all Government and local taxes in respect of the land comprised in his holding whether existing at the time of the demise or imposed after wards."

ഇതാണു് ഇപ്പോൾ അവിടെ നിലവിലുള്ള നിയമം. ആ നിയമം തന്നെയാണു് ഇതിൽ ചേർത്തിരിക്കുന്നതു്. കാണംടെനൻസി ആക്ടിന്റെ മൂന്നാമത്തെക്ലാസ് അനുസരിച്ചു് കുടിയാന്മാർ ഉടമസ്ഥരായിത്തീർന്നിരിക്കുകയാണു്. ഉടമസ്ഥർതന്നെയാണു് ടാക്സു് കൊടുക്കേണ്ടതു്. ബഹുമാനപ്പെട്ട മെംബർ ശ്രീ. എം. പി. മേനോൻ പറയുകയുണ്ടായി ബേസിക്ക് ടാക്സിന്റെ ചർച്ച വന്നപ്പോൾ ഭേദഗതിയെ സംബന്ധിച്ചു് അവിടെയല്ലാ പറയേണ്ടതു് ഇവിടെയായിരുന്നു പറയേണ്ടിയിരുന്നതു് എന്നെല്ലാം രാവണന്റെ ഭാഗത്തുനിന്നു പറഞ്ഞു എന്നു്. അവിടെ പറയേണ്ട സംഗതി അല്ലായിരുന്നു അതു്. ഈ ആക്ടു് അനുസരിച്ചു് അവർ ഉടമസ്ഥരായിപ്പോകുന്നതുകൊണ്ടു് അവർതന്നെ ടാക്സ് കൊടുക്കേണ്ടതാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ടെനൻറു് ഉടമസ്ഥരാണെങ്കിൽ സ്ഥലം പൊന്നുംവിലയ്ക്കു് എടുക്കുമ്പോൾ അതിന്റെ പണം ആർക്കാണു കൊടുക്കേണ്ടതു്?

ശ്രീ. എ. ജെ. ജാൺ : അതിനു് ചില വ്യവസ്ഥകൾ എല്ലാം ഉണ്ടു് അതു് ഇതാണു്.

Clause (3)

"From and after the commencement of this Act, the jenmi shall not have any right, claim or interest in any land in a holding except the right to receive the jenmikaram thereon and the kanam tenant shall be deemed to be the owner of the land subject only to the payment of the jenmikaram."

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : അതു് ഞാൻ ചോദിച്ചതിനു് മറുപടിയായില്ല. കാണംടെനൻറിന്റെ ഭൂമി പൊന്നുംവിലയ്ക്കു് എടുക്കുമ്പോൾ അതിന്റെ വില ആർക്കുപോകും?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: വസ്തു ജന്മിയുടേതായിരുന്നു. അതു കുറച്ചു കുറച്ചായി കൂടിയാണ് അവ ർശംകൊടുത്തുകൊണ്ടിരിക്കയാണ്. അതു കൊണ്ട് പൊന്നംവിലയുടെ ഒരു അംശം ജന്മിക്കു പോകും.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഓണർഷിപ്പും ഉടമസ്ഥാവകാശവും രണ്ടും ഒന്നാണെന്നു സമ്മതിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് ഞാൻ സമ്മതിക്കേണ്ട കാര്യം ഇല്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ നിയമമനുസരിച്ച് ജന്മിക്കു രണ്ടു് ഒരു annuity ജന്മിക്കു കിട്ടാൻ ഉണ്ട്. അതു് അവസാനിക്കുന്നതോടുകൂടി, പൊന്നംവിലയ്ക്കു് എടുക്കുമ്പോൾ അതിന്റെ ഒരു ഓഹരി കൊടുക്കുകയാണ്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ചീഫ് മിനിസ്റ്റർ പറയുന്നതും ലാൻഡുമിനിസ്റ്റർ പറയുന്നതും വ്യത്യാസമുണ്ടല്ലോ?

ശ്രീ. എ. ജെ. ജാൺ: വ്യത്യാസം ഒന്നും ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: അമെൻഡുമെൻറുകൊണ്ടു് ഉദ്ദേശിക്കുന്നതു് ടാക്സ് കൂടിയാൽ പിന്നെ കൊടുക്കണമെന്നുള്ളതു് മിച്ചവാരത്തിൽ കുറച്ചുകൊടുക്കണമെന്നല്ലേ?

ശ്രീ. എ. ജെ. ജാൺ: വസ്തു അനുഭവിക്കണമെന്നുവരികിൽ ടാക്സ് കൊടുക്കേണ്ടതാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിലെ അനേകം കുടിയാധാരങ്ങളും എതിർജന്മാധാരങ്ങളും പരിശോധിച്ചു നോക്കുകയാണെങ്കിൽ ജന്മിക്കു് കൂടിയാൽ കൊടുക്കേണ്ടതുക മുതലായതു സംബന്ധിച്ചു് വസ്തുവിന്റെ പാട്ടത്തിൽകഴിച്ചു് കൊടുക്കണമെന്നാണ് വ്യവസ്ഥ എന്നു കാണാവുന്നതാണ്. 99 ശതമാനവും ഇങ്ങനെയുള്ളതുതന്നെ. എന്നാൽ അതിനെ സംബന്ധിച്ചു് ഒന്നും പറഞ്ഞിട്ടില്ലെങ്കിൽ കൂടിയാൻ കൊടുത്തുകൊള്ളണമെന്നാണ് നിയമം. അതുപോലെ ഇവിടെയും ഒരു കാൺടാക്റ്റ് വേണമെന്നുണ്ടെങ്കിൽ അതിനു് ഈ വ്യവസ്ഥ ബാധകമല്ല.

ശ്രീ. ടി. വി. തോമസ്: അങ്ങനെ ജന്മി സമ്മതിച്ചാൽത്തന്നെയും ഇതിലെ സെക്ഷൻ 16 സബ്ബ് ക്ലാസ് 5 അനുസരിച്ചു് അതു ശരിയല്ലെന്നു പറയുന്നസ്ഥിതിക്കു് ഇതു തെറ്റിദ്ധരിപ്പിക്കുകയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

SHRI T. V. THOMAS: "Notwithstanding any usage or contract to the contrary the kanamtenant, shall be liable to pay all Government and local taxes in respect of the land comprised in his holding whether existing at the time of the demise or imposed afterwards." എന്നു പറഞ്ഞാൽ സാധാരണ ഞങ്ങളൊക്കെ മനസ്സിലാക്കേണ്ടതെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്നത്തെ നിയമപ്രകാരം ജന്മിതന്നെ നികുതി കൊടുത്തുകൊള്ളുമെന്നു കാണുന്നില്ല. അതുകൊണ്ടു് ഈ നിയമം പാസ്സായാൽ ഇന്നു ചെയ്യുന്നതിൽ കാണക്കുടിയാന്മാക്കു് ഉള്ള ആനുകൂല്യങ്ങൾ പൊയ്പോകുമെന്നുള്ളതു് ഗവണ്മെന്റു സമ്മതിക്കുന്നില്ല.

ശ്രീ. എം. പി. മേനോൻ : ബേസിക്ക് ടാക്സോ, ലാൻഡ് ടാക്സോ കൊടുക്കേണ്ടതായ യാതൊരു ഉത്തരവാദിത്വവും അവിടെ ഉണ്ടായിരുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഭാഗ്യവാന്മാരായ കാണക്കുടിയാന്മാർ അന്നെ അവിടെയുണ്ടെങ്കിൽ അവക്കു് ഈ നിയമത്തിൽ മറ്റുവിധത്തിലുള്ള അനേകം ആനുകൂല്യങ്ങൾ കിട്ടുന്നുണ്ടു്. ഏറ്റവും ഇരുപത്തിഏഴര രൂപ ഒരു കൊല്ലത്തിൽ മിച്ചവാരവും മറ്റുമായി കൊടുത്തുവന്നിരുന്നതു്, ഒരു കൊല്ലത്തിൽ മിച്ചവാരമായി എഴുശതമാനം കൊടുത്താൽ മതി എന്നെല്ലാമുള്ള ആനുകൂല്യങ്ങളുണ്ടു്. അങ്ങനെ ഒന്നോ രണ്ടോ ആളുകൾക്കുവേണ്ടി ഒരു നിയമനിർമ്മാണം ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. എം. പി. മേനോൻ : ഈ ഭാഗ്യവാന്മാരല്ലാത്ത ആളുകൾ ഇല്ലേ? അവക്കും ഇതു ബാധകമാകുകയില്ലെന്നാണോ പറയുന്നതു് ?

Mr. DEPUTY SPEAKER : Mr. Thampi, do you press your amendment?

SHRI R. SANKARANARAYANAN THAMPI : Yes, Sir, I press my amendment.

The Amendment was put and lost

SRY. K. R GOURI : Sir, I move:

"In clause 2, sub-clause (13) omit the words "the sum total of the michavaram and the fractional fee", and add 'michavaram'; and omit Explanation."

സർ, മുമ്പു് ഇവിടെ ക്ലാസ് രണ്ടിനെസംബന്ധിച്ചു് ഒമിറ ചെയ്യണമെന്നു് ആവശ്യപ്പെട്ട സംസാരിച്ച സംഗതികളെന്തെന്നെയാണു്. എനിക്കു് പറയാനുള്ളതു്. അതായതു്, മിച്ചവാരം, പുറവക, ഫാക്ഷണൽ ഫീ ഇതിന്റെ എല്ലാം സംഭോട്ടലാണു് ജന്മിക്കരം എന്നു പറയുന്നതു ഭേദപ്പെടുത്തി മിച്ചവാരം തുക മാത്രമേ ആകാവു എന്നാണു് എന്റെ അമെൻഡുമെന്റുകൊണ്ടുദ്ദേശിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ : ആദ്യം പറഞ്ഞതു് ഇപ്പോൾ ആവർത്തിക്കുന്നതേയുള്ളു. അതുകൊണ്ടു് ഞാൻ അതിനെ എതിർക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : ജന്മിക്കരത്തിനു മിച്ചവാരം മാത്രമേ ഈടാക്കാൻ പാടുള്ളു എന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. എ. ജെ. ജാൺ : അതു വേറെവിധത്തിൽ പറയുക എന്നു മാത്രമേ ഉള്ളു. അതുകൊണ്ടു് ഞാൻ അതിനെ എതിർക്കുന്നു.

The Amendment was put and lost.

The question that clause 2 stands part of the Bill, was put and carried.

Clause 2 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

Clause 3 & 4

The question that clauses 3 and 4 stand part of the Bill was put and carried. Clauses 3 and 4 were added to the Bill.

Clause 5

SRY. K. R. GOURI: Sir, I move:

"In clause 5, after the words "the rights of Government" add "and local bodies" before "for arrears of rent"-

ബില്ലിൽ പറഞ്ഞിരിക്കുന്നത്:

"The jenmikaram of a holding together with the interest, if any, due thereon, when it becomes an arrear, shall be claimable by the jenmi and shall, subject to the priority of the rights of the Government for arrears of tax be a first charge on the holding". ഇതുപ്രകാരം ഇന്നു് ബേസിക്ടാക്സ് കഴിഞ്ഞാൽ ജന്മികരമാണു് ഫസ്റ്റ ചാർജ്ജായി വരുന്നതു്. അതിനു ഞാൻ കൊണ്ടുവരുന്ന ഭേദഗതി ഫസ്റ്റ ചാർജ്ജു് ഗവണ്മെൻറിലേയ്ക്കു കൊടുക്കാനുള്ളതു കഴിച്ചു്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കു ഈടാക്കുവാനുള്ളതും കൊടുത്തു കഴിഞ്ഞതിനുശേഷം വേണം ജന്മികരം ചാർജ്ജു് കൊണ്ടുവരാൻ എന്നാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഞാൻ ഭേദഗതിയെ അനുകൂലിക്കുകയാണു ചെയ്യുന്നതു്. ഗവണ്മെൻറിനു ഈടാക്കാനുള്ള നികുതി പോലെതന്നെയുള്ള ഒരു നികുതിയാണു് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും ചുമത്തുന്ന നികുതി.

ശ്രീ. പി. എസ്. നടരാജപിള്ള: റൈറ്റ്സ് ആഫ് ലോക്കൽ ബോഡീസ് എന്നു പറയുമ്പോൾ ലൈസൻസു ഫീസുകൂടി ഉൾപ്പെടുമോ?

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: പ്രൊപ്പർട്ടി ടാക്സ് മാത്രമേ ബാധിക്കയുള്ളു. സ്വയംഭരണസ്ഥാപനങ്ങളിലേയ്ക്കു കൊടുക്കേണ്ടിവരുന്നതും കൂടി ഫസ്റ്റ ചാർജ്ജായി കണക്കാക്കി കൊടുത്തുകഴിഞ്ഞതിനുശേഷമേ ജന്മികരം ഈടാക്കാവൂ എന്നുള്ളതു് ഒരു ന്യായമാത്രമാണു്. അതുകൊണ്ടു് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കു് കൊടുക്കേണ്ടതിനുംകൂടി പ്രയാറിറി കൊടുക്കേണ്ടതാണു്.

SHRI J. A. BHATT: Government taxes are on the land; but Local bodies' taxes are on the buildings.

SHRI T. V. THOMAS: No, not on buildings.

SHRI A. A. D. LUIZ: If both are given priority, which will have top priority?

SHRI T. V. THOMAS: Basic tax.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. ഈ ഭേദഗതി ഒന്നു അബദ്ധമായിട്ടാണു് എഴുതിയിരിക്കുന്നതു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അതിൽ അബദ്ധമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: കുറെ അബദ്ധമുണ്ട്.

ശ്രീ. ടി. വി. തോമസ്. അതിന്റെ പ്രിൻസിപ്പിൾ ഗവണ്മെന്റ് അക്സപ്റ്റ് ചെയ്യുന്നുണ്ടെങ്കിൽ മതി.

ശ്രീ. എ. ജെ. ജാൺ: പ്രിൻസിപ്പിൾ സമ്മതിക്കാൻ നിവൃത്തിയില്ല. ഇതു അക്സപ്റ്റ് ചെയ്യുകയാണെങ്കിൽ അതുമൂലം ലോക്കൽ ബോഡീസിൽനിന്നും പലവിധത്തിലുള്ള ക്ലെയിംസ് വരുവാനുണ്ട്. അതിനെല്ലാംകൂടി ഫസ്റ്റ് ചാർജ്ജ് കൊടുക്കാൻ നിവൃത്തിയില്ല.

ശ്രീ. ടി. വി. തോമസ്: പഞ്ചായത്തിലെയും ലോക്കൽ ബോഡീസിലെയും ക്ലെയിംസിനെക്കാൾ കവിഞ്ഞ ഒരു അവകാശമാണോ ജന്മിക്കുണ്ടായിരുന്നത്?

ശ്രീ. എ. ജെ. ജാൺ: നിസ്സാരമായ ഒരുതുക ജന്മിക്കു കിട്ടാനുണ്ടെങ്കിൽ അതു കിട്ടുന്നതിലേക്കു ബുദ്ധിമുട്ടു നേരിടാതെ ലഭിക്കുന്നതിനുവേണ്ടി കിട്ടാനുള്ള ഗവണ്മെന്റ് ടാക്സു കഴിഞ്ഞാൽ അടുത്ത ചാർജ്ജ് അതിനുണ്ടായിരുന്നെങ്കിൽ മാത്രമെ സാദ്ധ്യമാകയുള്ളൂ.

Mr. DEPUTY SPEAKER: Does the hon. Member press her amendment?

SRY. K. R GOURI: I press my amendment, Sir.

The amendment was put and lost.

SHRI T. V. THOMAS: I demand a poll.

A poll was taken when the House divided as follows:—

AYES—36

1	Shri P. V. Avira Tharakan	18	Shri P. K. Kunjachan
2	„ C. C. Ayyappan	19	„ Kuttappan Koickal
3	„ Baby John	20	„ P. R. Madhavan Pillai
4	„ K. A. Balan	21	„ T. A. Majeed
5	„ R. Balakrishna Pillai	22	„ P. Narayanan Potti
6	„ B. B. Pandarathil	23	„ U. Neelakantan
7	„ P. Bhaskaran Nair	24	„ N. Neelakantaru Pandarathil
8	„ Thoppil Bhaskaran Pillai	25	„ M. P. Menon
9	„ K. Chandrasekhara Sastri	26	„ R. Prakasam
10	„ P. K. Chathan	27	„ N. Raghava Kurup
11	„ T. K. Divakaran	28	„ P. Ravindran
12	„ K. C. George	29	„ C. G. Sadasivan
13	„ P. Gopalan	30	„ R. Sankaranarayanan Thampi
14	Sry. K. R. Gouri,	31	„ V. Sridharan
15	Shri Joseph Mundassery	32	„ R. Sugathan
16	„ Thalekkara K. Krishnan	33	Dr. P. K. Sukumaran
17	„ K. S. Krishnan Sastri	34	Shri T. V. Thomas
		35	„ C. K. Viswanathan
		36	„ P. K. Yasodharan

LIBRARY ARCHIVES Kerala Legislative Assembly

NOES—63

1 Shri P. K. Abdul Khadir
2 „ K. C. Abraham
3 „ A. Achuthan
4 „ V. K. Achutha Menon
5 „ J. A. Bhatt
6 „ D. Anantharaman
7 „ M. A. Antony
8 „ K. K. Balakrishnan
9 „ T. O. Bava
10 „ M. Bhaskaran Nair
11 „ N. G. Chacko
12 „ A. C. Chacko
13 „ M. P. Chandrasekharan Pillai
14 „ K. M. Chandy
15 „ M. V. Cheriyan
16 „ A. Chidambaranatha Nadar
17 „ O. R. Chummar
18 „ T. T. Daniel
19 „ K. M. George
20 „ K. P. Gopala Menon
21 „ Panampilli Govinda Menon
22 „ K. P. Hormis
23 „ Idiculla Idiculla
24 „ A. J. John
25 „ V. J. Joseph
26 „ Joseph Chazhikatt
27 „ K. Karunakaran
28 „ P. Kesava Menon
29 „ T. T. Kesavan Sastri
30 „ K. Kochukuttan
31 „ K. M. Korah
32 „ P. R. Krishnan
33 „ K. Krishna Pillai
34 Dr. N. K. Kumaran
35 Shri P. Kunjan
36 „ A. Kunjan Nadar
37 Sry. T. C. Leela Devi Amma
38 Shri P. M. Markose
39 „ M. M. Mathai
40 „ C. A. Mathew
41 „ N. Narayana Kurup
42 „ P. S. Nataraja Pillai
43 „ N. A. Noor Mohammed
44 „ V. P. Parameswaran Nambudiri
45 „ N. Parameswaran Pillai
46 „ R. Ponnappa Nadar
47 „ A. A. Rahim
48 Dr. A. R. Menon
49 Shri C. K. Ramachandran Nair
50 „ P. Ramaswami Pillai
51 „ P. J. Sebastian
52 „ V. V. Sebastian
53 „ A. M. Simon
54 „ T. P. Sitaraman
55 „ P. Thanulingam Nadar
56 „ A. Thanu Pillai
57 „ A. Thankiah
58 „ K. T. Thomas
59 „ P. S. Vasudevan Pillai
60 „ K. I. Velayudhan
61 „ Kalathil Velayudhan Nair
62 „ M. William
63 „ A. A. D. Luiz

LIBRARY ARCHIVES Kerala Legislative Assembly

The amendment was lost.

The question that Clause 5 stand part of the Bill, was put and carried.

Clause 5 was added to the Bill.

Clauses 6 to 15.

The question that Clauses 6 to 15 stand part of the Bill, was put and carried.

Clauses 6 to 15 were added to the Bill.

SHRI C. C. AYYAPPAN : Sir, I move:

"In clause 16 (4) delete 'six' and substitute '3' after the words 'interest at the rate of'

ജന്മിക്കരം ബാക്കിയാകുന്ന അവസരത്തിൽ ആറു ശതമാനം പലിശ ഈടാക്കണമെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. അതിനു പകരം മൂന്നു ശതമാനം പലിശയായിരിക്കണമെന്നാണു് എന്റെ ഈ ഭേദഗതിയിൽ പറഞ്ഞിരിക്കുന്നതു്. ഇതുവരെ കുടിയാന്മാർ ജന്മിക്കു കൊടുക്കേണ്ട സംഖ്യ ബാക്കിയായാൽ അതു കൊടുത്തു തീരുന്നതിനു സമയം അനുവദിച്ചിരുന്നു. ചിലപ്പോൾ കുറച്ചു ജന്മിക്കു കൊടുക്കാനുള്ള തുക കൊടുക്കാൻ സാധ്യമാകാതെ വന്നാൽ അതു് ഒന്നോ, രണ്ടോ, മൂന്നോ കൊല്ലം കൊണ്ടു് തവണകളായി കൊടുക്കാൻ സാധിക്കുമായിരുന്നു. അതല്ലെങ്കിൽ കോടതിയിൽ പോയി ഒരു വിധി സമ്പാദിച്ചുകഴിഞ്ഞാൽതന്നെ അവശേഷം കൊടുത്തുതീർക്കുമായിരുന്നു. ഇപ്പോൾ ഈ നിയമം പാസാക്കിയാൽ ജന്മിക്കു കൊടുക്കേണ്ടതായ സംഖ്യ മുഴുവനും റവന്യൂ റിക്കവറി ആക്ടു് മുഖേന ഈടാക്കാമെന്നു വരുന്നതുകൊണ്ടും, അതു കൂടുതൽ കഷ്ടനഷ്ടത്തിനു ഇടയാകുമെന്നുള്ളതുകൊണ്ടും കൃഷിക്കാരുടെ വിഷമം കഴിയുന്നതും ലഘൂകരിക്കാൻവേണ്ടി പലിശ 3 ശതമാനമായി ചുരുക്കണമെന്നാണു ഞാൻ അഭ്യർത്ഥിക്കുന്നതു്.

ശ്രീ. എ. ജെ. ജോൺ : ഞാൻ ഭേദഗതിയെ എതിർക്കുന്നു. ഇതു കേട്ടാൽ ജന്മികുടിയാൻ ആക്ടനുസരിച്ചുള്ള കുടിയാന്മാരെല്ലാം തീരെ സാധുക്കളാണെന്നും ജന്മിമാരെല്ലാം വലിയ സമ്പന്നരാണെന്നും തോന്നിപ്പോകും. വലിയ സമ്പന്നരായ കുടിയാന്മാരുണ്ടു്. മാത്രവുമല്ല ഈ 6 ശതമാനം പലിശ ഒരു വർദ്ധനയിലും കൂട്ടരുതുമല്ല.

MR. DEPUTY SPEAKER : Does the hon: Member press the amendment ?

SHRI C. C. AYYAPPAN : Yes Sir.

The amendment was put and lost.

SHRI. M. P. MENON : Sir I move:

"Sub-clause (5) of clause 16 to be remodelled as follows.

"(5) In the absence of a contract to the contrary, the kanam tenant shall be liable to pay all Government and

LIBRARY ARCHIVES Kerala Legislative Assembly

[SHRI M. P. MENON]

local taxes, in respect of the land comprised in his holding whether existing at the time of the demise or imposed afterwards."

ഇതിനെ സാധൂകരിക്കത്തക്ക ചില കാര്യങ്ങളെല്ലാം സഖാവ് ശങ്കരനാരായണൻതമ്പിയുടെ ഭേദഗതിയെ അനുകൂലിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഞാൻ പറയുകയുണ്ടായി. ആ ഭേദഗതിയുടെ ഉദ്ദേശം, കുടിയാൻ കൊടുക്കേണ്ടിവരുന്ന ജന്മിക്കരത്തിൽനിന്നും ബേസിക് ടാക്സ് കറക്ഷൻ എന്നുള്ളതായിരുന്നു. ഈ ഭേദഗതിയുടെ ഉദ്ദേശം, കൊച്ചി പ്രദേശത്തെ ജന്മി തന്നെ അടിസ്ഥാനനികുതി കൊടുത്തുകൊള്ളാമെന്ന് എവിടെയെങ്കിലും കരാറുണ്ടെങ്കിൽ, അങ്ങനെ സ്വമനസ്സാലെ സമ്മതിച്ചിട്ടുണ്ടെങ്കിൽ, ആ കരാർ റദ്ദാക്കി കുടിയാനെക്കൊണ്ട് നിർബന്ധിച്ചു കൊടുപ്പിക്കരുതെന്നാണ്. 1113-ൽ കൊച്ചിൻ അഗ്രിമെന്റ് പാസായതിനുശേഷം ഇതുവരെയും ജന്മി തന്നെ കൊടുക്കുന്നതു് ഇപ്പോൾ കുടിയാൻ കൊടുക്കണമെന്നു പറയുന്നതു് കുടിയാനോടു ചെയ്യുന്ന ഒരു മനഃപൂർവ്വദ്രോഹമാണ്. അപൂർവ്വം ചില ഭാഗ്യവാന്മാർ കുടിയാന്മാരിൽ കാണുമെന്നേ ബഹു: മുഖ്യമന്ത്രി പറഞ്ഞുള്ളൂ. ജന്മി കൊടുക്കാമെന്നു സമ്മതിച്ചു സ്ഥലങ്ങളിൽ കൊടുത്തുകൊണ്ടിരിക്കുന്ന ഒരു പതിവു് അതുപോലെ നടന്നുകൊള്ളട്ടെ. കൊച്ചി കാണം ടെനൻസി ആക്ടിൽ അങ്ങനെ പാസ്സാക്കിയിട്ടുള്ളതാണ്. അപൂർവ്വം ഭാഗ്യവാന്മാരെ അങ്ങനെതന്നെ തുടരുന്നതിനു് അനുവദിക്കണം.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. ബഹു: മുഖ്യമന്ത്രി, ശ്രീ. എം. പി. മേനോൻ അവതരിപ്പിച്ച ഭേദഗതിയെ എതിർക്കുമെന്നു തോന്നുന്നില്ല. മുഖ്യമന്ത്രിയുടെ അഭിപ്രായത്തിൽതന്നെ കൊച്ചി ടെനൻസി ആക്ട് ക്ലോസ് 51 പ്രകാരമുള്ളതിൽ ആക്ടും ഒരു ദ്രോഹവും ഇല്ലാതിരിക്കുമെന്നു പറഞ്ഞെങ്കിലും അവസാനത്തിൽ അപൂർവ്വം ചില ഭാഗ്യവാന്മാർക്കു നഷ്ടം ഉണ്ടാകുമെന്നുള്ള നിഗമനത്തിൽ അദ്ദേഹം എത്തിച്ചേർന്നിട്ടുണ്ട്. ആ ഭാഗ്യവാന്മാരെക്കൂടി നിർഭാഗ്യവാന്മാർ ആകുന്ന തരത്തിലാണ് സെലക്ട് കമ്മിറ്റി റിപ്പോർട്ടെന്നു് അദ്ദേഹം സമ്മതിച്ചുവെന്നാണു ഞാൻ മനസ്സിലാക്കുന്നതു്. ഭാഗ്യവാന്മാർ നിർഭാഗ്യവാന്മാരാകാതിരിക്കട്ടെ. നിർഭാഗ്യവാന്മാർ വേണമെങ്കിൽ കുറേക്കൂടി നിർഭാഗ്യവാന്മാരായിക്കൊള്ളട്ടെ എന്നാണല്ലോ സർക്കാരിന്റെ നയം. ഭാഗ്യവാന്മാരെ നിർഭാഗ്യവാന്മാരാക്കുന്നതിൽ പങ്കാളികളാകാതിരിക്കണമെന്നുകൂടി ഞാൻ സർക്കാരിനോടു പേക്ഷിക്കുന്നു. ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു.

SHRI P. S. NATARAJA PILLAI: Sir, I would also like to make some observations. As a matter of fact, under the existing law, and under Section 51 of the Cochin Act, a provision of this nature is available. It is an existing right; and when there is a contract, inspite of the fact that the Bill now provides for greater privileges or rights to the tenants. I think it will not be very advisable to take away a right which exists for the tenants now and as the Chief Minister, who knows the local conditions better, has admitted on the

LIBRARY ARCHIVES Kerala Legislative Assembly

floor of the House, that there are only a very few people who may come under the category, why not then we provide that in the Bill ?

SHRI A. THANU PILLAI: Sir, I would make one suggestion. The liability to pay is imposed on the tenant and as between the tenant and the Jenmi, the rights may be allowed to continue, because the Government should be in a position to proceed against a particular type of holders in relation to their property for their needs and the other rights need not be violated.

SHRI PANAMPILLI GOVINDA MENON: May I submit to the hon'ble Members that there is some difficulty in accepting that suggestion. The difficulty is mostly legal and conceptional, I mean, related to the conception the new changes contemplated under this law. We speak of a contract. The hon. Members from Trivandrum speaks of a contract. Now, what is that contract ? The contract is with respect to land, with respect to the proprietorship of land and under that contract a certain obligation is vested in or is attached to the proprietorship of land which is in the Jenmi under the existing law. So, the contract referred to in Section 51 of the Cochin Tenancy Act is a contract in relation to the proprietorship of the land where the proprietorship vests in the Jenmi. Now, the fundamental conception under the new Bill is that that proprietorship should be taken away from the landlord and vested in the Kanam tenant. Well, if that is so, to say that the Jenmi continues to be under an obligation, under a contract which is attached to proprietorship of land and which proprietorship has been taken away under the law, I submit, will not be correct. Therefore, this provision which has been introduced in the Jenmi-Kudiyan Act of Travancore and now by the Travancore-Cochin Bill by Mr. Nataraja Pillai has been done after due consideration. To say that the proprietorship is with the tenant and further to say that a certain obligation under a contract which was entered into previously continues on the Jenmi, will be illegal and incorrect.

SHRI R. SANKARANARAYANAN THAMPI: Sir, I would like to add a word. Instead of confining his remarks to this amendment, the hon. Chief Minister was dilating upon the subtleties and niceties of law and expressing his doubt as to whether the amendment could be accepted on principle. With due respect to his knowledge of law, I would like to

LIBRARY ARCHIVES Kerala Legislative Assembly

[SHRI R. SANKARANARAYANAN THAMPI]

repeat that his conception is not correct. The contract that has been entered into between the Jenmi and the tenant, at the time it was entered into, was not in respect of the proprietorship of land, but on the other hand it was entered into with respect to the obligation existing between the tenant and the Jenmi. There was a definite understanding that there is no relation to proprietorship in respect of the contract that has been entered into and nowhere has it been suggested that the proprietorship aspect has been taken into consideration for considering the obligation between the Jenmi and the tenant.

SHRI M. BHASKARAN NAIR : As a matter of fact, when there is the contract in the Kanam document that the jenmi would pay the taxes due to Government, there would be a proportionate increase in the *michavaram* that the tenant has to pay to the Jenmi. In cases where the jenmi has to pay the land tax, is it wrong in presuming that there will be a proportionate increase in the *michavaram* ? In clause 2, sub-clause 13, Jenmikaram is defined as "..... the sum total of the *michavaram* and the fractional fee." And so, in cases where the jenmi agrees to pay the land tax the *michavaram* will be higher and the jenmikaram to be fixed will also be normally higher. In that case, is there anything wrong in accepting the amendment ?

SHRI PANAMPILLI GOVINDA MENON : What I said is this. The jenmi has nothing further to get excepting this annuity and it is to be looked into whether the incidence consequent on the changes in the fortunes and misfortunes of the land with which he has parted should continue with the jenmi.

ശ്രീ. എം. പി. മേനോൻ : സർ, ഒരു സംശയമുണ്ട്. ജന്മിക്ക് പ്രൊപ്പറേർഷിപ്പ് തീരെ ഇല്ലാതെ പോകുന്നു എന്നു പറയുന്നതു ശരിയല്ല. അങ്ങനെയാണെങ്കിൽ അക്വിസിഷൻ സമയത്തു ജന്മിക്ക് കാഹരി കൊടുക്കുന്നതിൽ യാതൊരു അർത്ഥവുമില്ല. ഉടമസ്ഥത സംബന്ധിച്ചു ചില അവകാശങ്ങൾ ജന്മിക്കും ചില അവകാശങ്ങൾ കുടിയാനവനും കിട്ടുന്നു എന്നു മാത്രമേ ഉള്ളൂ. അതുകൊണ്ടു പഴയ കൺട്രാക്റ്റ് നടപ്പിലാക്കുന്നതിൽ പ്രായോഗികമായി ഒരു ബുദ്ധിമുട്ടും ഉണ്ടാകയില്ല. ഏതെങ്കിലും ജന്മി അടിസ്ഥാനനികുതി കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടെങ്കിൽ അതിടാക്കാൻ ഗവണ്മെൻറിനു ഒരു പ്രയാസവും ഉണ്ടാകയില്ല. സബ്ജക്ടസ് 6-ലും, 7-ലും ജന്മിക്കു ഉണകരമായിട്ടുള്ള കൺട്രാക്റ്റ് തുടരാൻ സമ്മതിക്കുന്നുണ്ട്. ആ സ്ഥിതിക്കു ഈ കാറക്കാര്യത്തിൽ മാത്രം കൺട്രാക്റ്റ് തുടരാൻ സാധിക്കുകയില്ലെന്നു പറയുന്നതിൽ ഒരു താൽപര്യക്കുറവുണ്ടെന്നാണ് എനിക്കു തോന്നുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ: ഞാൻ ഭേദഗതിയെ എതിർക്കുന്നു. ബഹു: മുഖ്യമന്ത്രി പറഞ്ഞതുപോലെ എഗ്രിമെൻറിൽ ജന്മി ടാക്സ് കൊടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടെങ്കിൽ മിച്ചവാരം കൂടുതലായിരിക്കും. ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം ജന്മിക്കു കിട്ടാനുള്ള മിച്ചവാരം കുറയുന്നതാണ്. എഗ്രിമെൻറിലുള്ള മിച്ചവാരം കൊടുക്കണമെന്നല്ല പറഞ്ഞിരിക്കുന്നത്. ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന ജന്മികരം കൊടുക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. എഗ്രിമെൻറിൽ ഉള്ള മിച്ചവാരം കൊടുക്കുകയും ടാക്സ് ജന്മി കൊടുക്കുകയും ചെയ്യണമെന്നു പറഞ്ഞാൽ മനസ്സിലാക്കാമായിരുന്നു. ജന്മിക്കു കിട്ടുന്ന ജന്മികരം കുറവാണ്. കുടിയാൻ വസ്തുവിൻെറ ഉടമസ്ഥനാകുകയാണ്. ആ സ്ഥിതിക്ക് ടാക്സ് കൊടുക്കേണ്ടതു കുടിയാൻ തന്നെയാണ്.

Shri A. Thanu Pillai: Of course, consistently with what I suggested, the amendment, as it stands, cannot be supported. The amendment says that "in the absence of a contract to the contrary, the kanam tenant shall be liable to pay all Government and local taxes, in respect of the land ....." That cannot be accepted when the settlement is made in accordance with the provision. The registers can have an entry making either the jenmi or the tenant uniformly liable. The only question that arises is whether the contract between the jenmi and the tenant should be disturbed. Even if the suggestion is accepted, it can be only like this. "At the end of the sub-clause" this should be the form "Notwithstanding any contract or usage to the contrary the kanamtenant shall be liable to pay all government and local taxes in respect of the land comprised in his holding whether existing at the time of the demise." But as between the jenmi and the tenant, this provision will not be affected under the contract as to the liability of the jenmi to pay any tax. So far as Government records and settlements are concerned, this amendment as it stands cannot be accepted. After all, it is only a small matter. In the existing conditions, the total amount of tax to be paid necessarily must come down, because it is only basic tax. This is the suggestion or observation I have to make. After all, it is not a very serious matter and I do not know whether my friend insists on this. But Government will not be losing anything if my suggestion is accepted.

Shri A. J. John: Here under the contract, there is a provision for the payment of jenmikaram or michavaram. That amount will be reduced if we ask the Jenmi to pay the tax. That is the very reason why I am opposing it. So, I am opposing the amendment.

LIBRARY ARCHIVES Kerala Legislative Assembly

MR. DEPUTY SPEAKER: Is the hon. Member pressing the amendment?

SHRI M. P. MENON: Yes Sir.

The amendment was put and lost.

SHRI M. P. MENON: Sir, I demand a poll.

A poll was taken when the House divided as follows:

Ayes—38

1.	Shri	P. V. Avira Tharakan	19	Shri	P. K. Kunjachan
2	,,	C. C. Ayyappan	20	,,	Kuttappan Koickal
3	,,	Baby John	21	,,	P. R. Madhavan Pillai
4	,,	K. A. Balan	22	,,	T. A. Majeed
5	,,	K. Balakrishnan	23	,,	P. Narayanan Potti
6	,,	R. Balakrishna Pillai	24	,,	U. Neelakantan
7	,,	Prakulam Bhasi	25	,,	N. Neelakantaru Pandarathil
8	,,	P. Bhaskaran Nair	26	,,	M. P. Menon
9	,,	Thoppil Bhaskaran Pillai	27	,,	R. Prakasam
10	,,	K. Chandrasekhara Sastri	28	,,	N. Raghava Kurup
11	,,	P. K. Chathan	29	,,	P. Ravindran
12	,,	T. K. Divakaran	30	,,	C. G. Sadasivan
13	,,	K. C. George	31	,,	R. Sankaranarayanan Thampi
14	,,	P. Gopalan	32	,,	V. Sridharan
15	Sry.	K. R. Gouri	33	,,	R. Sugathan
16	Shri	Joseph Mundassery	34	Dr.	P. K. Sukumaran
17	,,	Thalekkare K. Krishnan	35	Shri	T. V. Thomas
18	,,	K. S. Krishnan Sastri	36	,,	C. K. Viswanathan
			37	,,	Vivekanandan
			38	,,	P. K Yesodharan

LIBRARY ARCHIVES Kerala Legislative Assembly

Noes—55

1	Shri	P. K. Abdul Khader	30	Shri	P. R. Krishnan
2	„	K. C. Abraham	31	Dr.	N. K. Kumaran
3	„	V. K. Achutha Menon	32	Shri	A. Kunjan Nadar
4	„	J. A. Bhatt	33	Shry.	T. C. Leela Devi Amma
5	„	D. Anantharaman	34	Shri	P. M. Markose
6	„	M. A. Antony	35	„	M. M. Mathai
7	„	K. K. Balakrishnan	36	„	C. A. Mathew
8	„	T. O. Bava	37	„	N. Narayana Kurup
9	„	M. Bhaskaran Nair	38	„	N. A. Noor Mohammed
10	„	N. G. Chacko	39	„	N. Parmeswaran Pillai
11	„	A. C. Chacko	40	„	R. Ponnappa Nadar
12	„	M. P. Chandrasekharan Pillai	41	„	A. A. Rahim
13	„	K. M. Chandy	42	Dr.	A. R. Menon
14	„	M. V. Cheriyan	43	Shri	P. Ramaswami Pillai
15	„	A. Chithambaranatha Nadar	44	„	P. J. Sebastian
16	„	O. R. Chummar	45	„	V. V. Sebastian
17	„	T. T. Daniel	46	„	A. M. Simon
18	„	K. M. George	47	„	T. P. Sitaraman
19	„	K. P. Gopala Menon	48	„	P. Thanulingam Nadar
20	„	Panampilli Govinda-Menon	49	„	A. Thankiah
21	„	K. P. Hormis	50	„	K. T. Thomas
22	„	Idiculla Idiculla	51	„	P. S. Vasudevan Pillai
23	„	A. J. John	52	„	K. I. Velayudhan
24	„	V. J. Joseph	53	„	Kalathil Velayudhan Nair
25	„	K. Karunakaran	54	„	M. William
26	„	P. Kesava Menon	55	„	A. A. D. Luiz
27	„	T. T. Kesavan Sastry			
28	„	K. Kochukuttan			
29	„	K. M. Korah			

2/3856/V

LIBRARY ARCHIVES Kerala Legislative Assembly

Neutrals—14

1 Shri A. Achuthan	10 Shri V. P. Parameswaran Nambudiri
2 „ Joseph Chazhikatt	11 „ C. K. Ramachandran Nair
3 „ C. Kochukunju	12 „ T. S. Ramaswami
4 „ K. Krishna Pillai	13 „ K. A. Sivarama Bharathy
5 „ P. Kunjan	14 „ A. Thanu Pillai
6 „ P. K. Kunju	
7 „ Manjanatha Prabhu	
8 „ K. Narayana Kurup	
9 „ P. S. Nataraja Pillai	

Clause 16.

SHRY. K. R. GOURI: In clause 16 omit sub-clauses (6), (7) and (8).

6-, 7-ം ഉപവകുപ്പുകൾപ്രകാരം ഇന്നു പിരിക്കാതെ കടിശ്ശികയായിക്കിടക്കുന്ന റിന്യൂവൽ ഫീ ഇതുവരെ ആക്റ്റ് പാസ്സായി 3 വർഷത്തിനകം കൊടുത്തു തീർക്കണമെന്നും 3 കൊല്ലം കഴിയുമെങ്കിൽ 6 ശതമാനം പലിശയോടുകൂടി കൊടുക്കണമെന്നുമുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നു. 8-ാമത്തെ ഉപവകുപ്പിൽ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

> "For the purpose of this Section the renewal fees shall be deemed to be one year's michavaram or the renewal fee payable under the Cochin Tenancy Act, XV of 1113, whichever is less."

എഗ്രിമെന്റുള്ള റിന്യൂവൽ ഫീസു് കുടിയാനെക്കൊണ്ടു കൊടുക്കുവാൻ സാധിക്കുകയില്ലെന്നുള്ള പ്രക്ഷോഭണത്തിന്റെ ഫലമായിട്ടാണു് 1119-ൽ അതു തടഞ്ഞുകൊണ്ടു് ഒരു വിളംബരം പ്രസിദ്ധപ്പെടുത്തിയതു്. അതിനുശേഷം കുടിയാനു് കിട്ടിയിരുന്ന ആനുകൂല്യങ്ങളെല്ലാം നഷ്ടപ്പെടുന്നു എന്നു മാത്രമല്ല ആദ്യത്തെ 3 കൊല്ലത്തിനു ശേഷം അടുത്ത 3 വർഷത്തിനകം 6 ശതമാനം പലിശയോടുകൂടി കൊടുക്കണമെന്നുമാണു് ഇപ്പോൾ വന്നിരിക്കുന്നതു്. കഴിഞ്ഞ കാലത്തു തടഞ്ഞുവച്ചിരുന്ന റിന്യൂവൽ ഫീ കുടിയാനു് ആനുകൂല്യം കിട്ടാത്തരത്തിൽ റവന്യൂ റിക്കവറി അനുസരിച്ചു് ഈടാക്കി പിടിക്കാനുള്ള വ്യവസ്ഥയും ഇതിൽ ചേർത്തിട്ടുണ്ടു്. അതുകൊണ്ടു് കുടിയാനു കിട്ടിയിരിക്കുന്ന പ്രൊപ്രൈറ്റർഷിപ്പു് നഷ്ടപ്പെടാൻ ഇടയുണ്ടു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: ഞാൻ ഭേദഗതിയെ അനുകൂലിക്കുന്നു. പ്രൊട്ടക്ഷൻ ഫീ കൊടുക്കണമെന്നു തീരുമാനമുണ്ടായിട്ടുണ്ടെങ്കിലും കടിശ്ശിക വരുത്തി കാലഹരണപ്പെട്ട സംഖ്യകൂടി ഈടാക്കിക്കൊടുക്കുന്ന ഒരു വ്യവസ്ഥ ഈ ബില്ലിൽ ഉൾക്കൊള്ളുന്നതു് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജോൺ : മുന്നകൊല്ലത്തെ മാത്രമേയുള്ളൂ.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : അങ്ങനെയല്ല. സെക്ഷൻ മുഴുവൻ വായിച്ചുനോക്കിയാൽ വ്യക്തമായി അതു് മനസ്സിലാകും. പന്ത്രണ്ടു കൊല്ലത്തിന്റെ അവസാനത്തിലാണു് റിന്യൂവൽ ഫീ കൊടുക്കേണ്ടതു്. അങ്ങനെ കാലഹരണപ്പെട്ട സംഖ്യയാണെന്നു ബോദ്ധ്യമായിരിക്കെ ആ സംഖ്യകൂടി ഈടാക്കിക്കൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുന്നതു് തീരെ ശരിയല്ല. ഫ്രാക്ഷണൽ ഫീ കൊടുക്കാനുള്ള കായ്യം പാസ്സാക്കിയിട്ടുണ്ടെങ്കിലും ഇതിൽ ഭേദഗതി വരുത്തി അങ്ങേയറ്റം പക്ഷപാതപരമായ ഒരു നിലപാടു് എടുക്കാതിരിക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുന്നു.

SHRI A. J. JOHN: Clause 16 sub-clause 6 is this.

"Where according to the terms of contract of kanam renewal fees are payable on the expiry of a specified period and one or more such periods have expired at the commencement of this Act, and no renewal fees have been paid, the aggregate amount of the renewal fees payable under the contract of kanam in respect of such period or periods shall subject to the Provisions of sub-section (8), be payable by the kanam-tenant to the jenmi within a period of three years from the commencement of this Act or with interest."

അതുകൊണ്ടു ഒരു കൊല്ലത്തെ മിച്ചവാരം മാത്രമേ അർയേഴ്സായി വരികയുള്ളൂ.

"subject to the provisions of clause (8)" എന്നാണു പറഞ്ഞിരിക്കുന്നതു്.

SHRI R. SANKARANARAYANAN THAMPI: There the quantom of renewal fee is described if the renewal fee is in arrears. If my understanding is correct, the renewal fee can be collected for more than one year.

SHRI A. J. JOHN: "The aggregate amount of the renewal fees payable under the contract of kanam in respect of such period or periods shall subject to the provisions of sub-section (8) be payable by the kanam-tenant to the jenmi....."

ഒന്നുകിൽ ഒരു കൊല്ലത്തെ മിച്ചവാരമോ അല്ലാത്തപക്ഷം കൊച്ചിയിൽ നിലവിലുള്ള ടെനൻസി ആക്ടിലുള്ള തുകയോ ഏതു കുറവായിട്ടു വരുന്നോ അതു മാത്രമേ കൊടുക്കണമെന്നു പറയുന്നുള്ളൂ.

"For the purpose of this Section the renewal fees shall be deemed to be one year's michavaram or the renewal fee payable under the Cochin Tenancy Act, XV of 1113, whichever is less" എന്നാണു നിയമത്തിൽ [illegible].

LIBRARY ARCHIVES Kerala Legislative Assembly

SHRI R. SANKARANARAYANAN THAMPI: No Sir, a word of explanation. Here what is said in sub-clause (8) is the definition of the renewal fee or the quantom of renewal fee claimable. "Where according to the terms of contract of kanam renewal fees are payable on the expiry of a specified period." Further down something else is stated. Where it is in arrears for more than one year the case is different. Again the quantom of renewal fee claimable at one time is defined in sub-clause (8). Therefore under sub-clause (6) the jenmi can claim all the arrears.

SHRI P. S NATARAJA PILLAI: What is the significance of the word 'the aggregate amount of renewal fee leviable'?

SHRI R. SANKARANARAYANAN THAMPI: It is definitely stated that the aggregate amount is subject to the provisions of sub-section (8). If it is mentioned specifically in sub-clause (8) that the aggregate is so much, I can understand the hon. Minister's assurance that the Jenmi can claim only one year's renewal fee. Inasmuch as there is no mention of the aggregate amount of renewal fee in sub-section (8), the matter is vague.

ശ്രീ. എം. പി. മേനോൻ: സർ, ശ്രീമതി ഗൗരി അവതരിപ്പിച്ച ഭേദഗതിയെ പിൻതാങ്ങുന്നു. ശ്രീ. എ. ജെ. ജാൻ ഇതിനെ എതിർക്കുമെന്നു പ്രതീക്ഷിച്ചിരുന്നതാണു്. പക്ഷെ, കുറെക്കൂടി മനസ്സിലാകാവുന്ന ന്യായം പറഞ്ഞു എതിർക്കുമെന്നും പ്രതീക്ഷിച്ചിരുന്നു. ഇതു ബാലിശമായ ഒരു വ്യാഖ്യാനം സബ്ക്ലാസ്സ്, 6, 7, 8 എന്നിവയ്ക്കു അദ്ദേഹം നൽകിയതു് കഷ്ടമായിപ്പോയി. ശ്രീ. ജാന്റെ വ്യാഖ്യാനം ശരിയായിരുന്നുവെങ്കിൽ, ആ നിലയെ ഞങ്ങൾ സ്വാഗതം ചെയ്യുകയും ഭേദഗതി പിൻവലിക്കുകയും ചെയ്യുമായിരുന്നു. പക്ഷെ, ആ വ്യാഖ്യാനം ശരിയല്ല. "Aggregate" എന്ന വാക്കു് സബ്ക്ലാസ്സ് 6-ൽ കാണുന്നതുകൊണ്ടു്, ശ്രീ. നടരാജപിള്ള പറഞ്ഞതുപോലെയുള്ള അർത്ഥമൊന്നും വരികയില്ല. അതിന്റെ നേരെ മുമ്പടെ; "fees payable under the contract of kanam in respect of such period or periods" എന്നു് എടുത്തു പറഞ്ഞിട്ടുണ്ടു്. "period or periods" എന്ന എടുത്തുപറഞ്ഞതുകൊണ്ടു് ഏതു കൊല്ലത്തെ പൊളിച്ചെഴുത്തുഫീ കൂടിശ്ശികയുണ്ടോ അതു മുഴുവൻ പിരിക്കുമെന്ന തീർച്ചയാണു്.

കൊച്ചി നിയമസഭയിലെ സെലക്ഷൻകമ്മിറ്റി, ഈ പൊളിച്ചെഴുത്തുഫീ ഇടാക്കുന്നതിനെപ്പറ്റിത്തന്നെ എതിരഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടെന്നുള്ള വസ്തുതയും ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുന്നു. വളരെക്കാലം സ്റ്റേ ചെയ്തശേഷം, കൊച്ചിയിലെ പൊതുജനാഭിപ്രായത്തിനെതിരായി കൂടിശ്ശിക പിരിക്കാൻ അവകാശം നൽകുന്നതു് ശരിയല്ല.

ശ്രീ. എ. ജെ. ജാൻ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതി സബ്ക്ലാസ്സ് 6-ം, 7-ം, 8-ം മാറണമെന്നാണു്. ഈ ഭേദഗതിയെ ഞാൻ എതിർക്കുന്നു. ഈ ക്ലാസുകൾ മാറ്റംചെയ്താൽ നമ്മെയും ജന്മിക്ക

LIBRARY ARCHIVES Kerala Legislative Assembly

ന്യായമായി കിട്ടാനുള്ള അവകാശം ഉണ്ടായിരിക്കും എന്ന മാത്രമല്ല അന്യായം കൊടുക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യും. ഇതിൽ പറഞ്ഞിരിക്കുന്നത് ജന്മിക്ക കിട്ടാനുള്ള അവകാശത്തിനും മൂന്നു കൊല്ലത്തിനകം കൊടുത്താൽ മതിയെന്നാണ്. ആ ക്ലാസ്സ് എടുത്തുകളഞ്ഞാലും ജന്മിക്ക കുടിശ്ശിക കിട്ടാനുള്ള അവസരം ലഭിക്കുകതന്നെ ചെയ്യും. സിവിൽക്കോടതിമുഖേന ഈടാക്കാനുള്ള അവകാശം ജന്മിക്കുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് ഈ ഭേദഗതിയെ എതിർക്കുന്നു.

ശ്രീമതി കെ. ആർ. ഗൗരി : കാലഹരണംവന്ന സംഖ്യ ഈ ആക്ടനുസരിച്ച് ഏഴു ശതമാനം പല ശയോടുകൂടി ഈടാക്കാൻ 8-ാം ഉപവകുപ്പനുസരിച്ചു ജന്മിക്കവകാശമുണ്ടായിരിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ആക്ടനുസരിച്ച് ജന്മിക്കുരം ഈടാക്കാൻ ജന്മിക്ക് അവകാശമുണ്ടായിരിക്കും. കുടിശ്ശിക മൂന്നു കൊല്ലത്തിനകം പലിശകൂടാതെ കൊടുത്താൽ മതിയെന്നാണ് ഇതിൽ പറഞ്ഞിരിക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : ആക്ടിൽ വേറൊരു സ്ഥലത്തു മഞ്ചുവാരത്തന്റെ ഏഴുശതമാനമായിരിക്കും റിന്യൂവൽഫീസ് എന്നു പറയുന്നു. അതു കുറെ കൂടുതലാണ്. ജന്മിക്ക കാലഹരണപ്പെടുന്ന സംഖ്യതന്നെ ഈടാക്കിക്കൊടുക്കുകയാണെങ്കിൽ ആക്ടിനു വിധേയമായി മുഴുവൻ സംഖ്യയും ഈടാക്കിയെടുക്കാൻ അവകാശമുണ്ടായിരിക്കുമോ ?

ശ്രീ. എ. ജെ. ജാൺ : ഇപ്പോൾ ജന്മിക്ക കിട്ടാനുള്ള അവകാശങ്ങളെല്ലാം ജന്മിക്കുണ്ടായിരിക്കും. മേലാലുള്ള കാര്യത്തിനുവേണ്ടിയാണ് ഈ ബിൽ ഇവിടെ പാസ്സാക്കുന്നത്.

ശ്രീമതി കെ. ആർ. ഗൗരി : ഇതുകൊണ്ട് ഉപകാരമില്ലെങ്കിൽ ഈ വകുപ്പ് എടുത്തുകളയുകയല്ലേ വേണ്ടത് ?

ശ്രീ. എ. ജെ. ജാൺ : എടുത്തുകളയുന്നതുകൊണ്ട് യാതൊരു ഗുണവുമില്ല. ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

MR. DEPUTY SPEAKER : Does the hon. Member press the amendment ?

SRY K. R. GOURI : Yes, Sir.

The amendment was put and lost.

The question that clause 16 stand part of the Bill was put and carried.

Clause 16 was added to the Bill.

Clause 17.

The question that clause 17 stand part of the Bill was put and carried.

Clause 17 was added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Clause 18.

SHRI M. P. MENON: Sir, I move, add the following proviso to clause 18:—

"Provided that the Jenmi refuses or neglects to grant a receipt as specified above, the kanam-tenant shall be entitled to send by Money Order, after deducting the charges for doing so,

(i) The money, if the Jenmikaram is payable in money; or

(ii) The money value, if it is fixed in kind."

ഈ ഭേദഗതി കൂടിയാന്മാക്കുള്ള ഒരു ആനുകൂല്യമല്ല; ഒരു സൗകര്യം മാത്രമായിരിക്കും. ജന്മിക്കരം കൊടുക്കുന്നതു് വാങ്ങിയില്ലെങ്കിൽ മണി യാർഡർ അയയ്ക്കാനുള്ള അവകാശം കൂടിയാനവനു് ഉണ്ടായിരിക്കണ മെന്നേ ഭേദഗതിക്കു അർത്ഥമുള്ളൂ. വെറംപാട്ടഭാർബില്ലിൽ ഇതുപോലെ ഒരു വ്യവസ്ഥയുണ്ടു്. കൊച്ചിൻ കാണം ടെനൻസി ബില്ലിന്റെ 42-ാം സെക്ഷനിലും ഈ വ്യവസ്ഥയുണ്ടു്. ഉള്ള ഒരു സൗകര്യം എടുത്തുകള യരുതെന്നേ എന്റെ ഭേദഗതികൊണ്ടുദ്ദേശിക്കുന്നുള്ളൂ. ഇതെങ്കിലും ഗവ ണ്മെന്റിനു് സ്വീകാര്യമാകുമെന്നു കരുതുന്നു.

SHRI P. S. NATARAJA PILLAI: Is it not provided that the Jenmikaram shall be payable in money only? Where does payment in kind arise?

SHRI M. P. MENON: By Clause 17 the tenant is entitled to pay like that. But he has the freedom to pay in kind.

SHRI A. J. JOHN: I oppose the amendment.

MR. DEPUTY SPEAKER: Does the hon. Member press the amendment?

SHRI M. P. MENON: Yes, Sir.

The amendment was put and lost.

The question that Clause 18 stand part of the Bill, was put and carried.

Clause 18 was added to the Bill.

CLAUSE 19.

SHRI JOSEPH MUNDASSERY: I move.

"Delete clause 19 and renumber."

സർ, ഈ ജന്മിക്കരം ആക്റ്റു തിരുവിതാംകൂറിൽ ഉണ്ടായിരുന്നതു കൊച്ചിയ്ക്കുകൂടി വ്യാപിപ്പിക്കുന്നതായിട്ടാണു് ഇവിടെ പറഞ്ഞതു്. ജന്മിക്കരം ആക്റ്റു തിരുവിതാംകൂറിൽ നടപ്പിൽവന്ന സമയത്തു കൂടിയാ നവനു നിശ്ചയമായും അതൊരു പ്രത്യേക ആനുകൂല്യമായിരുന്നു. സ്ഥിരാ വകാശം ഇല്ലാതിരുന്ന കൂടിയാനവനു് സ്ഥിരാവകാശം നൽകിയപ്പോൾ

ഇവിടെയുള്ള കൂടിയാന്മാർ ജന്മിക്കരം ബില്ലിനെ സ്വാഗതംചെയ്തിരിക്കണം. പക്ഷെ ആ ജന്മിക്കരം നിയമത്തിൽത്തന്നെ ജന്മിക്കു അനുകൂലമായ അതിപ്രധാനമായ ഒരു വ്യവസ്ഥ ചേർത്തിട്ടുണ്ടായിരുന്നു. ഒരുപക്ഷെ തിരുവിതാംകൂറിലെ കൂടിയാനവന്മാർ അവക്കു സ്ഥിരാവകാശം കിട്ടിയ സ്ഥിതിക്കു ആ പ്രതികൂലവ്യവസ്ഥയെ എതിർത്തില്ലായിരിക്കാം. അഥവാ എതിർത്തു തോൽപ്പിക്കാൻ ശ്രമിച്ചില്ലായിരിക്കാം. എന്നാൽ ഇന്നുകൊച്ചി വിഭാഗത്തു കൂടിയാനവന്മാക്കു സ്ഥിരാവകാശം കിട്ടിക്കഴിഞ്ഞിട്ടുണ്ടു്. മുൻപു നിലവിലിരുന്ന നിയമം അനുസരിച്ചുതന്നെ കൂടിയാന്മാക്കു സ്ഥിരാവകാശമുണ്ടു്. ജന്മിക്കരത്തിന്റെ സ്ഥാനത്തു മിച്ചവാരം മുതലായ ചില്ലറ സംഖ്യകൾ കൊടുക്കേണ്ട ബാദ്ധ്യതമാത്രമെ ഇന്നു ഇവിടത്തെ കൂടിയാന്മാക്കുള്ളു. ആ വിഭാഗത്തേയ്ക്കാണു പഴയ തിരുവിതാംകൂറിലെ ജന്മിക്കരം ആക്ടു വ്യാപിപ്പിക്കുന്നതു്. ഇതു വ്യാപിപ്പിക്കുന്നതുമൂലം, തിരുവിതാംകൂറിലെ ജന്മിമാരുടെ സംരക്ഷണത്തിനുവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന വകുപ്പു്, എതിർക്കാൻ സാധിക്കാതെ തിരുവിതാംകൂറിലെ കൂടിയാനവന്മാർ സ്വീകരിക്കേണ്ടിവന്ന വകുപ്പു് കൊച്ചിയിലെ കൂടിയാന്മാർക്കുടി വഹിക്കേണ്ടിവരികയാണു്. ഒരു പുതിയ നിയമം കൊണ്ടുവരുമ്പോൾ, ഏതെങ്കിലും തരത്തിൽ അതു കൂടിയാനവനു് അനുകൂലമാകുന്നില്ലെങ്കിൽ അതു പുരോഗമനപരമാണെന്നു പറയാൻ നിവൃത്തിയില്ല. ഇതു കൊച്ചിയിലെ കൂടിയാനവന്മാക്കു ഏതെങ്കിലുംതരത്തിൽ പ്രയോജനകരമാണോ എന്നാലോചിക്കണം. ഇതുകൊണ്ടു കൊച്ചിയിലെ കൂടിയാനവന്മാക്കു യാതൊരനുകൂലവും ഉണ്ടാകാൻ പോകുന്നില്ല. നേരെമറിച്ചു പ്രതികൂല്യം അനുഭവപ്പെടുകയും ചെയ്യും. സർക്കാരിൽനിന്നും ജന്മിക്കരം പിരിച്ചു ജന്മിക്കു കൊടുക്കാൻ നിശ്ചയിച്ചിരിക്കുകയാണു്. തിരുവിതാംകൂറിൽ ഇതു നിലവിലുണ്ടായിരുന്നുവെന്നു സമ്മതിക്കുന്നു. ആ വ്യവസ്ഥ തിരുവിതാംകൂറിലെ കൂടിയാനവന്മാക്കുതന്നെ പ്രതികൂലമായ ഒരു വ്യവസ്ഥയായിരുന്നു. അന്നത്തെ പരിതസ്ഥിതികളിൽ അവക്കു അതിനെ എതിർക്കാൻ നിവൃത്തിയില്ലാതെപോയി. അങ്ങനെ കൂടിയാനവന്മാക്കു ദോഷകരവും, ജന്മിമാരുടെ അവകാശസംരക്ഷണത്തിനുതകുന്നതും ആയ ഒരു വ്യവസ്ഥ ഇരുപതുകാലം കഴിഞ്ഞിട്ടും തിരുവിതാംകൂർ–കൊച്ചി ഒട്ടുക്കു അതേമാതിരിതന്നെ യാതൊരു ഭേദഗതിയും വരുത്താതെ വ്യാപിപ്പിക്കുന്നതു തെറ്റാണു്. കൂടിയാന്മാരുടെ പക്കൽനിന്നും ജന്മിക്കരം പിരിച്ചുകൊടുക്കുന്ന കമ്മിഷൻ ഏജൻസിയായിത്തീരുന്ന ഗവണ്മെന്റു ഒരു ഗവണ്മെന്റു അല്ല എന്നു പറയേണ്ടിവരും. റവന്യൂ റിക്കവറി ആക്ടനുസരിച്ചു കരംപിരിച്ചെടുക്കാനുള്ള അവകാശം സർക്കാർ ഏറ്റെടുക്കുന്നതു ശരിയല്ല. Consolidated fund ലേയ്ക്കുള്ള സംഖ്യ പിരിക്കാനുള്ളതാണു് റവന്യൂ റിക്കവറി ആക്ടു്. കുറച്ചുകാലത്തിനുമുൻപു കൊച്ചിയിൽ ചില കാര്യങ്ങളിൽ ഇങ്ങനെ ചെയ്യേണ്ടിവന്നു. അതായതു പാലിയംപോലെയുള്ള എസ്റ്റേറ്റുകളുടെ മാനേജ്മെന്റ് ഏജൻസി ഗവണ്മെന്റു ഏറ്റെടുത്തു മിച്ചവാരവും മറ്റും പിരിച്ചുവന്നുവെന്നു കേട്ടിട്ടുണ്ടു്. ഇങ്ങനെ പിരിച്ചുകൊടുക്കുന്നതിൽ ഞങ്ങളുപ്രതിഷേധിക്കുകയുണ്ടായി. ഒരു കമ്മിഷൻ ഏജൻസിയായി ഗവണ്മെന്റു അധഃപതിക്കുന്നതു തെറ്റാണെന്നു പറഞ്ഞു പലരും ആ നടപടിയെ എതിർത്തിരുന്നു. ഇതു ന്യായീകരിക്കാവുന്ന ഒരു നടപടിയാണെങ്കിൽ ഞാൻ ചോദിക്കുകയാണു്, ഈ രാജ്യത്തു മറ്റു പല ഇടപാടുകളിലും പിരിഞ്ഞുകിട്ടാനുള്ള കടങ്ങളെല്ലാം ഞങ്ങൾ പിരിച്ചുതന്നേക്കാം, ഞങ്ങൾക്കു കമ്മിഷൻ തന്നാൽമതിയെന്നു ഗവണ്മെന്റിനെല്ലാമോ എന്നു്. ഇതു അറിയേണ്ട ഒരുകാര്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. ജോസഫ് മുണ്ടശ്ശേരി]

ജന്മികൾക്കു പാട്ടവും മിച്ചവാരവും പിരിച്ചുകൊടുക്കാമെങ്കിൽ, സർക്കാരിന്റെ പരമാധികാരം അതിനുവേണ്ടി ഉപയോഗിക്കാമെങ്കിൽ ഈ രാജ്യത്തെ എല്ലാ കടങ്ങളും കമ്മിഷൻ വ്യവസ്ഥയിൽ പിരിച്ചുകൊടുക്കുമോ? പുരോഗമനപരമാണെന്ന ഭാവത്തിൽ, 1955-ൽ, സർജ്ജന്മാരെന്ന മട്ടിൽ ട്രഷറിബഞ്ചിലിരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിമാർ ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നതിൽ ഞാൻ അത്ഭുതപ്പെടുകയാണു്. തിരുവിതാംകൂറിലെ കുടിയാന്മാർക്കു ഇതുമൂലം മുൻപുണ്ടായിരുന്ന പ്രാതികൂല്യം മാറിക്കൊടുക്കുകയാണു് ഇന്നു ചെയ്യേണ്ടിയിരുന്നതു്. എന്തായാലും ജന്മിക്കരം ഗവണ്മെന്റിൽനിന്നും പിരിച്ചുകൊടുക്കാൻ വ്യവസ്ഥചെയ്യുന്ന ഈ ക്ലാസിനെ ഞാൻ എതിർക്കുന്നു. ഒരുപക്ഷേ പറയുമായിരിക്കും, ഇതു ജന്മിയുടെ അവകാശമൊക്കെ വിട്ടുകൊടുത്തു, കുടിയാനവനു് പരിപൂർണ്ണമായ ഉടമസ്ഥനില കൈവരുത്തുന്നതിനുവേണ്ടി, കുടിയാനവനെ സംരക്ഷിക്കുന്നതിനുവേണ്ടി, അങ്ങനെ മഹത്തായ ഒരു കുടമ നിവ്വഹിക്കുന്നതിനുവേണ്ടി ഇങ്ങനെ റവന്യൂറിക്കവറി ആക്ടും ഉപയോഗിക്കുകയാണെന്നു്. അങ്ങനെ വാദിച്ചതുകൊണ്ടു കാര്യമായില്ല. എന്താണെന്നുവെച്ചാൽ ജന്മിമാരുടെ ഭൂവുടമ കുടിയാന്മാർക്കു വിട്ടുകൊടുക്കുമെന്നു് വളരെക്കാലമായി പറയുന്നതാണു്. ഇത്രകാലം ജന്മിക്കരം ഇങ്ങനെ പിരിച്ചുകൊടുത്തുകഴിഞ്ഞാൽ ഉടമസ്ഥത കുടിയാനവനിലയിക്കും എന്നു് വ്യവസ്ഥചെയ്തിരുന്നെങ്കിൽ അതു മനസ്സിലാക്കാമായിരുന്നു. പത്തോ, പന്ത്രണ്ടോ കൊല്ലത്തേക്കു ജന്മികരംപിരിച്ചുകഴിഞ്ഞാൽ കുടിയാനു് ഭൂമിയിൽ പരിപൂർണ്ണമായ ഉടമാവകാശം ലഭിക്കുമെന്ന വ്യവസ്ഥയുണ്ടായിരിക്കണം. ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥ തിരുവിതാംകൂറിൽ നിലവിലിരുന്ന ഒന്നാണു്. തിരുവിതാംകൂറിൽ നടപ്പിലിരുന്നതെല്ലാം ശരിയാണെന്ന കരുതുകവയ്യാ. അതു കൊച്ചിയിലേക്കുകൂടി വ്യാപിപ്പിക്കുന്നതിൽ എനിക്കെതിർപ്പുണ്ടു്. ഇന്നു്, നാം 1955-ൽ നിൽക്കുന്ന ഈ കാലത്തു റവന്യൂറിക്കവറി ആക്ടനുസരിച്ചു് ഗവണ്മെന്റു് ജന്മിക്കരം പിരിച്ചുകൊടുക്കുന്ന ജോലി നിവ്വഹിക്കുന്നതു ശരിയല്ല. ഇതുമൂലം സിവിൽകോടതിയിൽ നടപടി നടത്താനുള്ള പ്രാഥമികാവകാശംപോലും കുടിയാനവനു് നിഷേധിക്കുകയാണു്.

എന്തായാലും കുറെകാലംമുൻപു് 'ജന്മിതപം അവസാനിപ്പിക്കുക' എന്ന മുദ്രാവാക്യം ഈ ഭാഗത്തിരുന്നു മുഴക്കിയ ഇന്നത്തെ ചീഫ്മിനിസ്റ്റർതന്നെ നേതൃത്വം വഹിക്കുന്ന മന്ത്രിസഭ ജന്മിമാർക്കു വാരവും പാട്ടവും പിരിച്ചുകൊടുക്കുന്നതിനുവേണ്ടി വ്യവസ്ഥചെയ്യുന്ന ഈ ബിൽ ഇവിടെ കൊണ്ടുവന്നതിൽ വളരെ ഖേദമുണ്ടു്. സർ, ഈ ക്ലാസു (19) നീക്കം ചെയ്യണമെന്നുള്ള എന്റെ ഭേദഗതി സ്വീകരിക്കണമെന്നപേക്ഷിക്കുന്നു.

SHRI A. A. D. LUIZ: Sir, I do not agree with the arguments advanced by the hon. Member Shri Mundasseri disapproving the assistance Government proposes to give a Jenmi for future collection of his dues from a tenant.

Sir, I am afraid my hon. friend, the Member for Cherpu has not used his imagination even a little bit so far as this aspect of the bill is concerned. This is a piece of legislation for effecting an agrarian reform. Much imagination is not required to conclude that this legislation is

LIBRARY ARCHIVES Kerala Legislative Assembly

specifically directed to achieve the final goal of total elimination of the Landlord especially the absent landlord. The Cochin Verumpatadar's Act and such other similar legislations have almost already eliminated the Jenmis by gradual process. It would be no effort of the imagination to state that the next step shall be the total disappearance of the Jenmi– I mean there shall be a nationalisation of land.

SHRI JOSEPH MUNDASSERI: I question that. May I know what is the basis for saying that the Jenmi has almost been eliminated.

SHRI A. A. D. LUIZ: If the hon. Member listens to what I propose to state, he will surely understand the entire matter. I am sure that the hon. Member does realise that the Cochin Verumpatadar Legislation and other legislations in force have given the tenant fixity of tenure. He should also appreciate that eviction has been forbidden by law. The Kanam Tenancy that is being enacted in this House at the moment gives the tenant an absolute and unimpeachable and unevictable right with regard to the property that he holds. There is absolutely no question of the Jenmi getting back his land, even if it happens that he is a landless Jenmi.

May I reiterate that we are today handling a legislation directly connected with agrarian reform. Even according to the Chinese authorities on land, agrarian reform is a fierce and systematic struggle. As such, I am of opinion that it must be brought about slowly and cautiously. There is an authoritative statement on this matter by an eminent Chinese authority. Agrarian reform is the necessary condition for the development of the Nation's productive power and industrialisation and I feel confident that the minor assistance which the Government is proposing to give the Jenmi is in no way a reactionery measure to the contemplated Agrarian reforms. My friend who has moved the Amendment is not giving a true portrayal of the position. There is no damage done if the Government at this stage assures the Jenmi to collect the paltry amount that is due to him. Further, undertaking collection at this stage enables the Government to be more conversant with the entire scheme even before they can, one day or other, take over the proprietory itself. If this amendment is carried, we must appreciate the fact that the Jenmi shall be subjected to serious hardships and even perhaps to a denial of his right.

LIBRARY ARCHIVES Kerala Legislative Assembly

SHRI JOSEPH CHAZIKATT : Sir, may I know the name of the book which the hon. Member has read on this matter?

SHRI A. A. D. LUIZ : I shall be glad to give you the name of the book but I don't remember the name of the author at the moment. The name of the book is "How Tillers Win back Their Land". I may also mention that this book has been kindly sent to me by the Embassy of the National Chinese Government in India. I should request the hon: Members to imagine for a while the position of the Jenmi in case this House accepts the Amendment. Remember that social reformation and legislation has brought the Jenmi to a status where he has only a name to stand by. Furthermore he is just about to be totally eliminated. We should be conscious of the fact that most of the Jenmis of today are only empty personalities who happen only to be described as such in the records of the Revenue Department. Their dangerous fangs have been extracted and they stand liquidated in many, many ways. Social Reformation and human intelligence have already worked in diverse forms to destroy the glorified status of the Jenmi. The restrictions placed on him are so very severe that he can neither call his land his own nor enter on it.

Some of the hon. Members most unfortunately think that if the Government intervenes and assist the Jenmi to collect his paltry dues, the Government is going to revive the school of Jenmis. This is an hallucination and I would even call it a reactionery measure considering that the final goal is to nationalise ownership of land. Some of you may have forgotten the fact that the Jenmi is going to have no assistance from the Government for collection of past dues. This provision is strictly confined to future collections. You can imagine for yourself what is the Michavaram that will be due from an acre of land in the possession of a Kanam tenant or a verumpatamdar. Remember that collection of customary dues and such other collections have been forbidden under law.

Let us be a little humane to the Jenmi while we are trimming his authority and his rights. Simultaneously let us make the Kanam tenant alive to the fact that the dues, the paltry dues due to the Jenmi shall be systematically paid failing which the very Government shall take action against him.

LIBRARY ARCHIVES Kerala Legislative Assembly

SHRI K. C. GEORGE: May I know who is the author of the book referred to by the Member? Does the book refer to Land Reforms or Land Distribution?

SHRI A. A. D. LUIZ: The book referred to by me is here in Trivandrum and I can make it available for the use of the Member even before this Debate closes. The hon. Member can read it very carefully and form his own ideas. The substance of what is stated therein is that an agrarian reform is a struggle and as such it should be slow and cautious.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സർ, ബഹുമാനപ്പെട്ട ചേപ്പുമെമ്പർ അവതരിപ്പിച്ച ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ക്ലാസു 19 അനുസരിച്ചു ജന്മിക്കു തഹശീൽദാരോടു അപേക്ഷിച്ചു ജന്മിക്കരം ഈടാക്കിക്കൊടുക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുകയാണു്. ജന്മിക്കരം സെറ്റിൽമെന്റു നടത്തി, ജന്മിക്കരം ഇന്നതെന്നു തീരുമാനിച്ചു രജിസ്റ്റർ തയ്യാറാക്കി കരം കളക്ഷൻ ചെയ്തുകൊടുക്കാനുള്ള ബാദ്ധ്യതയും ചുമതലയും ഏറെടുക്കുന്നതിനെ സംബന്ധിച്ചു പിന്നാലെ പ്രൊവിഷൻ വരുന്നുണ്ടു്. അതിനു മുൻപുതന്നെ ഈ നിയമം നിലവിൽവരുമ്പോൾ ആ നിമിഷം മുതൽ ജന്മിക്കു തഹശീൽദാരുടെ അടുത്തു അപേക്ഷ കൊടുത്തു റവന്യൂറിക്കവറി ആക്ടു അനുസരിച്ചു കുടിശിക പിരിക്കാനുള്ള അവകാശം കൊടുക്കുന്ന ഒരു വകുപ്പാണിതു്. ഇങ്ങനെ നോക്കുമ്പോൾ ജന്മിക്കു ഒരു സൗജന്യംകൂടി ചെയ്തുകൊടുക്കുന്ന ഒരു വകുപ്പാണിതു്. അതുകൊണ്ടു് ഈ ക്ലാസ്സിനെ ഞാൻ എതിർക്കുകയാണു്.

ശ്രീ. എ. ജെ. ജാൺ: ഞാൻ ഭേദഗതിയെ എതിർക്കുന്നു. ക്ലാസു 19.ൽ പറഞ്ഞിരിക്കുന്നതു ജന്മിക്കു കൊടുക്കാനുള്ള തുക കൊടുക്കണമെന്നു മാത്രമാണു്. ജന്മിക്കു ചിലപ്പോൾ കുറഞ്ഞ ഒരു സംഖ്യയായിരിക്കും ഈടാകാനുള്ളതു്. അതു കൊടുക്കണം. കുടിയാന്മാർ മര്യാദയായിട്ടും സത്യനിഷ്ഠയോടും പെരുമാറണമെന്നു അവരെ ഗുണദോഷിക്കണമെന്നാണു എനിക്കു ബഹുമാനപ്പെട്ട മെംബറോടു പറയാനുള്ളതു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സെറ്റിൽമെന്റു നടത്തി ജന്മിക്കരം ഇന്നതെന്നു തീരുമാനിക്കുന്നതിനു മുൻപായിത്തന്നെ ജന്മിക്കു ജന്മിക്കരം കിട്ടാനുള്ള അവകാശമല്ലേ ഇതുകൊണ്ടു കിട്ടുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഇതിൽ പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്.

"If the Tahsildar is satisfied that the application has been duly presented, that the arrears are due from the kanam-tenant, that the applicant is entitled to recover them and that they are not more than one year old on the date of the application, he shall proceed to recover the amount of the arrears and interest and the fees paid under sub-section (3) .....by the applicant as if they were an arrear of public revenue to the Government and the provisions of the Travancore-Cochin Revenue Recovery Act, 1951 (Act VII of 1951) shall apply to all the proceedings"

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : ഇതിൽ തഹശീൽദാർക്കു മുൻസിഫിന്റെ അധികാരമല്ലേ കൊടുത്തിരിക്കുന്നതു?

SHRI A. J. JOHN : Again, nothing in this Section shall be deemed to bar the right of Civil Suit which any aggrieved party may have in law. That is clearly said.

ബഹുമാനപ്പെട്ട പ്രതിപക്ഷ മെംബറന്മാർക്കു ഈ പരിഭ്രമം എന്തിനാണെന്നു മനസ്സിലാകുന്നില്ല. വേണമെങ്കിൽ കൂടിയാന്മാർക്കു ഇൻജംക്ഷനു അപേക്ഷ ചെയ്യാം. കൂടിയാൻ ജന്മിക്കു കൊടുക്കാനുള്ള തുക കൊടുക്കണമെന്നു പറയുന്നതിൽ ഒരു തെറ്റും ഇല്ലാതായി കാണുന്നില്ല. അതു കൊടുക്കരുതെന്നു പറയുന്നതിൽ യാതൊരു പ്രയോഗമനവും ഞാൻ കാണുന്നില്ല. കൊടുക്കാനുള്ളതു കൊടുത്താൽ യാതൊരു കുഴപ്പവും വരാനില്ല. കൂടിയാൻ ജന്മിക്കു കൊടുക്കാനുള്ള തുക നിവൃത്തിയുണ്ടെങ്കിൽ കൊടുക്കാതിരിക്കാനുള്ള ഒരു പരിതഃസ്ഥിതി ഉണ്ടാക്കുന്നതിന്റെ ആവശ്യമെന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. ടി. വി. തോമസ് : പാവപ്പെട്ട കൂടിയാന്മാരുടെ പക്കൽ നിന്നും, റവന്യൂറിക്കവറി ആക്ടനുസരിച്ചു കരംപിരിച്ചു ജന്മിമാരെ പ്രീണിപ്പിക്കാൻവേണ്ടി അവരുടെ വക്കാലത്തു പിടിക്കുന്നതെന്തിനാണു?

ശ്രീ. എ. ജെ. ജോൺ : ന്യായമായി ജന്മിക്കു കിട്ടാനുള്ള തുക ലഭിക്കേണ്ടതാണു. കൊടുക്കാനുള്ള തുക കൊടുക്കുന്നതിനുവേണ്ടി ഞാൻ വക്കാലത്തു പിടിക്കുകയാണു.

ശ്രീ. പി. ആർ. മാധവൻപിള്ള : മുതലാളിമാർ കൊടുക്കാനുള്ള കൂലികൂടിശ്ശിക തൊഴിലാളികൾക്കുവേണ്ടി, റവന്യൂറിക്കവറി ആക്ടനുസരിച്ചു ഗവണ്മെന്റിൽനിന്നും പിരിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജോൺ : അങ്ങനെ ഇപ്പോൾ നിയമമില്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി : സാധാരണ ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി അങ്ങനെ നിയമം ഉണ്ടാക്കുന്നതോ?

ശ്രീ. എ. ജെ. ജോൺ : അതിനുള്ള ചുറ്റുപാടുകൾ ഉണ്ടായാൽ ആലോചിക്കാവുന്നതാണു.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : കോടതി വിധിയുണ്ടായിട്ടുള്ള തുക തൊഴിലാളികൾക്കു ഈടാക്കാനുള്ളതു റവന്യൂറിക്കവറി ആക്ടനുസരിച്ചു പിരിച്ചുകൊടുക്കുമോ?

ശ്രീ. എ. ജെ. ജോൺ : ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഒരു പായിന്റെ അഫ് ഇൻഫർമേഷൻ. ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സ് അവാർഡനുസരിച്ചു കോടതി വിധിയുണ്ടാകുന്ന തുക റവന്യൂറിക്കവറി ആക്ടനുസരിച്ചു ഈടാക്കികൊടുക്കണമെന്ന നിയമമുണ്ടു്. ട്രഷറിബഞ്ചിൽനിന്നും അങ്ങനെ ചെയ്യുകയില്ലെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജോൺ : കോടതി വിധിയുണ്ടാകുന്ന തുക ഈടാക്കാൻ ആരുടെയും അനുവാദം ആവശ്യമില്ല. ഞാൻ ഇങ്ങനെ പറഞ്ഞതുകൊണ്ടു അതിനു തടസ്സമുണ്ടാകുന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

The Amendment was put and lost.

SHRI R. SANKARANARAYANAN THAMPI: I do not move my amendment.

The question that clause 19 stand part of the Bill was put and carried.

Clause 19 was added to the Bill.

CLAUSES 20 to 29.

The question that clauses 20 to 29 stand part of the Bill was put and carried.

Clauses 20 to 29 were added to the Bill.

CLAUSE 30.

SHRI M. P. MENON: Sir, I move "delete clause 30 and renumber."

സർ, ഏറ്റവും നിസ്സാരമായ ഒരു ഭേദഗതിയാണു ഞാൻ ഇവിടെ അവതരിപ്പിക്കുന്നതു്. ബഹുമാനപ്പെട്ട ആഭ്യന്തരകാര്യമന്ത്രിക്കു് സ്പീകരിക്കാൻ പറ്റിയ എന്തെങ്കിലും ഒരു ഭേദഗതി കൊണ്ടുവന്നു്, അതൊന്നു സ്പീകരിച്ചുകണ്ടാൽ കൊള്ളാമെന്നുള്ള മോഹംകൊണ്ടാണു് ഇങ്ങനെയൊരു ഭേദഗതി ഞാൻ അവതരിപ്പിച്ചിരിക്കുന്നതു്. ശ്രീ. എ. എ. ഡി. ലൂയിസു് പറഞ്ഞതുപോലെ ഏറ്റവും പുരോഗമനപരങ്ങളായ നിയമങ്ങൾ കൊണ്ടുവന്നു് "ജന്മിത്തത്തെ ഇല്ലാതാക്കി" നാം ഈ രാജ്യത്തെ സ്വർഗ്ഗമാക്കുകയാണല്ലോ. ജന്മിക്കു മിച്ചവാരമോ, പാട്ടമ്പാക്കിയൊ മേടിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള കടലാസു് ഒപ്പിട്ടുകൊടുക്കാനുള്ള അവകാശംപോലും വേണ്ടെന്നാണു ഈ നിയമം കൊണ്ടുവന്നിരിക്കുന്നതു്. ഒപ്പിടുന്നതുപോലും കാര്യസ്ഥനെക്കൊണ്ടു സാധിക്കാമെന്നാണു പറയുന്നതു്. ഈ ബിൽ അത്രയേറെ പുരോഗമിക്കുന്നുണ്ടു്.

ശ്രീ. ടി. വി. തോമസ്: ഒപ്പിടാനുള്ള അവകാശം നിഷേധിക്കുന്നതു് ഒരു പുരോഗതിയല്ലേ?

ശ്രീ. എം. പി. മേനോൻ: ശ്രീ. ലൂയിസു് പറഞ്ഞതരത്തിലാണെങ്കിൽ അതും ഒരുവക പുരോഗതിയാണു്. സർ, ഇങ്ങനെയൊരു വ്യവസ്ഥ വച്ചിരിക്കുന്നതു് വളരെ കഷ്ടമാണു്. ഒരു ജന്മിക്കു് ഒപ്പിട്ടുകൊടുത്തു മിച്ചവാരമോ, ജന്മിഭോഗമോ വാങ്ങുവാനുള്ള സ്വാതന്ത്ര്യമില്ലെങ്കിൽ ആ ജന്മി എന്തൊരു ജന്മിയാണു്?

ശ്രീ. ജോസഫ് ചാഴിക്കാടൻ: ഈ 30-ാമത്തെ വകുപ്പു് എടുത്തുകളഞ്ഞാലും പാട്ടമൊ, മിച്ചവാരമൊ ജന്മിക്കു മറ്റൊരാളിൽ മുഖാന്തിരം വാങ്ങിക്കുവാൻ സാധ്യമല്ലേ? ആ നിലയ്ക്കു ഈ വകുപ്പു് എടുത്തുകളഞ്ഞാൽ ഈ ബില്ലിനു വല്ല പുരോഗതിയും ഉണ്ടാകുമോ?

ശ്രീ. എം. പി. മേനോൻ: ഈ വകുപ്പു് എടുത്തുകളഞ്ഞാലും തരക്കേടൊന്നുമില്ലെങ്കിൽ പിന്നെ ഈ വകുപ്പിന്റെ ആവശ്യമെന്താണു്? അതുകൊണ്ടാണു ശ്രീ. ജാൺ കൂടി സ്പീകരിക്കത്തക്ക നിലയിലുള്ള ഒരു ഭേദഗതി ഞാൻ അവതരിപ്പിച്ചതു്. ഈയൊരു ഭേദഗതി എങ്കിലും അദ്ദേഹമൊന്നു സ്പീകരിച്ചുകണ്ടാൽ കൊള്ളാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: ഞാൻ ഈ ഭേദഗതിയേയും എതിർക്കുന്നു. ഇങ്ങനെയൊരു ഭേദഗതി വരുത്തേണ്ടയാവശ്യമില്ല. ഈ വകുപ്പുകൊണ്ടു ജന്മിക്കോ, കുടിയാനോ യാതൊരു കുഴപ്പവും ഉണ്ടാകാൻ പോകുന്നില്ല. മറ്റുള്ള കാര്യങ്ങളിൽ ഏജൻറന്മാരെവച്ചു കാര്യം നടത്തുവാൻ വ്യവസ്ഥയുണ്ടു്. അതുപോലെ ജന്മിക്കും ഒരു ഏജൻറിനെ വയ്ക്കാമെന്നു മാത്രമെ വ്യവസ്ഥയുള്ളൂ.

ശ്രീ. പി. ആർ. മാധവൻപിള്ള: ഈ വകുപ്പില്ലെങ്കിലും ജന്മിക്കു ഏജൻറിനെ വയ്ക്കുമായിരുന്നോ?

ശ്രീ. എ. ജെ. ജാൺ: മറ്റുള്ളവരോടൊപ്പം ജന്മിക്കും വയ്ക്കാം. എങ്കിലും ഈ നിയമത്തിൽകൂടി ഒരു വ്യവസ്ഥ ചേർത്തു അതിനു നിയമസാധുത്വം കൊടുക്കുന്നതുകൊണ്ടു ദോഷമൊന്നുമില്ല.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ വകുപ്പില്ലെങ്കിൽ ജന്മിക്കു വാങ്ങാനുള്ള തുകയേക്കാൾ കൂടുതൽ തുക ബന്ധുക്കളിൽ കൊടുക്കേണ്ടിവരികയില്ലേ?

ശ്രീ. എ. ജെ. ജാൺ: ഈ വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു് അങ്ങനെയുള്ള സൗകര്യങ്ങൾകൂടി ജന്മിക്കു ലഭിക്കുന്നതാണു്.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: സാധാരണക്കാർ പൗവ്വർ ആഫ് അറേറാർണി കൊടുക്കുമ്പോൾ സർക്കാരിലേയ്ക്കു നികുതി കിട്ടുന്നില്ലേ? ഈ വകുപ്പു ചേർത്തിരിക്കുന്നതുകൊണ്ടു് സർക്കാരിലേയ്ക്കു കിട്ടാനുള്ള നികുതി നഷ്ടപ്പെടുകയല്ലേ ചെയ്യുന്നതു്?

SHRI A. J. JOHN: "Any agent of a jenmi empowered in this behalf by a written authority under the hand of the jenmi shall....."

എന്നേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: പൗവ്വർ ആഫ് അറേറാർണി ആകുന്നില്ല. ജന്മിമാർ റിട്ടൺ അതോറിറ്റി കൊടുക്കണമെന്നേ പറഞ്ഞിട്ടുള്ളൂ. അപ്പോൾ പൗവ്വർ ആഫ് അറേറാർണിക്കുവേണ്ടി സർക്കാരിലേയ്ക്കു ലഭിക്കുന്ന തുക ഈ വ്യവസ്ഥമൂലം നഷ്ടപ്പെടുകയല്ലേ ചെയ്യിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പറ്റി ഇപ്പോൾ പറയാൻ സാധ്യമല്ല.

ശ്രീ. ആർ. ശങ്കരനാരായണൻതമ്പി: അതിനെപ്പറ്റി ആലോചിച്ചതിൻറെ ശേഷമെങ്കിലും പറയുമോ; നികുതി നഷ്ടം വരുമോയെന്നും, എന്തു വരുമെന്നും?

ശ്രീ. എ. ജെ. ജാൺ: അതിൻറെ ആവശ്യമില്ല.

ശ്രീ. എം. പി. മേനോൻ: ഈ വകുപ്പു് എടുത്തുകളയുന്നതുകൊണ്ടു് എന്തു ദോഷമാണുണ്ടാകാൻപോകുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഈ വകുപ്പു് ഇങ്ങനെ ഇരിക്കുന്നതുകൊണ്ടു് ദോഷമൊന്നുമില്ല. അതിനാൽ ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു.

The amendment was put and lost.

LIBRARY ARCHIVES Kerala Legislative Assembly

SHRI M P. MENON : Sir, I demand a poll

A poll was taken, when the House divided as follows

AYES—39

1	Shri	P. V. Avira Tharakan	20	Shri	P. K. Kunjachan
2	„	C. C. Ayyappan	21	„	Kuttappan Koickal
3	„	Baby John	22	„	P. R. Madhavan Pillai
